06
ഞായർ
നവംബർ 2022
1198 തുലാം 20
Vol 4 Issue No 312

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com



# ഗവർണർക്കെതിരെ നിയമോപദേശം തേടാൻ 45.9 ലക്ഷം ചെലവഴിച്ച് സർക്കാർ; ഉത്തരവിറങ്ങി

**തിരുവനന്തപുരം:** ഗവർണർ ആരിഫ് മുഹമ്മദ് ഖാനെതിരെ നിയമനടപടി സ്വീകരിക്കാൻ വൻതുക ചെലവാക്കാൻ ഒരുങ്ങി സംസ്ഥാന സർക്കാർ.ഭരണഘടന വിദഗ്ദ്ധൻ ഫാലി എസ് നരിമാന്റെ നിയമോപദേശം തേടിയിരിക്കുകയാണ് സർക്കാർ. ചാൻസലർ സ്ഥാനത്ത് നിന്ന് നീക്കുന്നതിനുള്ള നിയമ നിർമാണത്തെ കുറിച്ചും സർക്കാർ ഉപദേശം തേടിയിട്ടുണ്ട്. നിയമോപദേശത്തിനായി ഫാലി എസ് നരിമാനും കൂടെയുള്ളവർക്കും 45.9 ലക്ഷം രൂപ ഫീസായി നൽകാനാണ് സർക്കാർ ഉത്തരവ്. ഗവർണറുമായുള്ള ഏറ്റുമുട്ടൽ തുടരുന്നതിനിടെയാണ് ഗവർണർക്കെതിരെ കോടതിയെ സമീപിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കം.

ലോകായുക്ത, സർവകലാശാല നിയമ ഭേദഗതി ബില്ലുകളിൽ രാജ്ഭവൻ തുടർ നടപടികൾ സ്വീകരിക്കാതെ നീട്ടുന്നു. ഭരണഘടനയുടെ ഇരുന്നൂറാം അനുച്ഛേദ പ്രകാരമുള്ള കടമ ഗവർണർ നിർവഹിക്കുന്നില്ല. സംസ്ഥാനത്തെ ഭരണപ്രതിസന്ധിയിലേക്ക് തള്ളി വിടാനാണ് ഈ നടപടിയെന്നാണ് സർക്കാർ വിലയിരുത്തൽ. ഗവർണർ ബില്ലുകളിൽ തീരുമാനം എടുക്കാതെ അനന്തമായി നീട്ടി കൊണ്ട് പോകുന്നത് ഭരണഘടന വിരുദ്ധമാണെന്നാണ് സർക്കാർ അഭിപ്രായം. ഈ സാഹചര്യത്തിലാണ് കോടതിയെ സമീപിക്കാനുള്ള സാദ്ധ്യതയ്ക്കായി സർക്കാർ നിയമോപദേശം തേടിയത്.

നിയമോപദേശം ലഭിച്ചാൽ ഉടൻ സംസ്ഥാന സർക്കാർ കോടതിയെ സമീപിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കും. അനുകൂലമായ നിയമോപദേശം ലഭിച്ചാൽ സർക്കാരിന് വേണ്ടി സുപ്രീംകോടതിയിൽ ഫാലി എസ് നരിമാനോ, കെ കെ വേണുഗോപാലോ ഹാജരാകും. നേരത്തെ ന്യൂഡൽഹിയിൽ



# ജോലിയുണ്ട്, പട്ടിക വേണം സഖാവേ; പാർട്ടിക്കാരെ നിയമിക്കാൻ ജില്ലാ സെക്രട്ടറിക്ക് മേയറുടെ കത്ത്

**തിരുവനന്തപുരം:** തിരുവനന്തപുരം നഗരസഭയിലെ താത്ക്കാലിക നിയമനങ്ങളിൽ സി.പി.എമ്മുകാരെ തിരുകികയറ്റാൻ ശ്രമം. നഗസഭയിലെ 295 താത്ക്കാലിക തസ്തികകളിലേക്ക് പാർട്ടിക്കാരെ നിയമിക്കാൻ മുൻഗണനാ പട്ടിക ആവശ്യപ്പെട്ട് സിപിഎം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പന് തിരുവനന്തപുരം മേയർ ആര്യാ രാജേന്ദ്രൻ കത്ത് നൽകി. മേയറുടെ ഔദ്യോഗിക ലെറ്റർ പാഡിലാണ് കത്ത്. നഗരസഭയുടെ ആരോഗ്യ വിഭാഗത്തിലേക്ക് 295 താത്ക്കാലിക ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നുണ്ടെന്നും ഇതിലേക്ക് പാർട്ടിയുടെ മുൻഗണനാ പട്ടിക നൽകണമെന്നും ആവശ്യപ്പെട്ടാണ് കത്ത്. നവംബർ ഒന്നിന് അയച്ച കത്ത് സിപിഎം ജില്ലാ നേതാക്കൻമാർ അതാത് വാർഡുകളിലെ വാട്സാപ്പ് ഗ്രൂപ്പുകളിൽ പ്രചരിപ്പിച്ചതോടെയാണ് പുറത്തായത്.

സഖാവേ എന്ന് അഭിസംബോധന ചെയ്തുള്ള കത്തിൽ ഒഴിവുകൾ സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ തരംതിരിച്ച് പറയുന്നുണ്ട്. ഓൺലൈനായാണ് അപേക്ഷിക്കേണ്ടതെന്നും അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി സംബന്ധിച്ച കാര്യങ്ങളും കത്തിൽ വിശദീകരിക്കുന്നു.

പ്രത്യേക പാർട്ടിയിൽപ്പെട്ടവരെ മാത്രം നിയമിക്കാൻ ഒരു മേയർ മുൻകൈയെടുക്കുന്നത് സത്യപ്രതിജ്ഞാ ലംഘനമാണെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ട്. അതേസമയം ഇത്തരമൊരു കത്ത് താൻ ഒപ്പിട്ട് നൽകിയിട്ടില്ലെന്നാണ് ആര്യാ രാജേന്ദ്രന്റെ പ്രതികരണം. ഇതുസംബന്ധിച്ച കാര്യങ്ങൾ അന്വേഷിക്കുമെന്നും മേയർ അറിയിച്ചു.

# പാർട്ടിക്കാരെ ജോലിയിൽ തിരുകിക്കയറ്റാനുള്ള ശ്രമം: മേയർ ആര്യാ രാജേന്ദ്രനെതിരെ കടുത്ത പ്രതിഷേധങ്ങളുമായി ബിജെപിയും കോൺഗ്രസും



**തിരുവനന്തപുരം:** തിരുവനന്തപുരം കോർപ്പറേഷന് കീഴിലെ ആരോഗ്യ വിഭാഗവുമായി ബന്ധപ്പെട്ട് ഒഴിവുള്ള വിവിധ താൽക്കാലിക തസ്തികകളിൽ ആളെ നിയമിക്കുന്നതിന് പാർട്ടി ജില്ലാ സെക്രട്ടറിക്ക് കത്തയച്ച മേയർ ആര്യാ രാജേന്ദ്രന്റെ നടപടിക്കെതിരെ കടുത്ത വിമർശനം.മേയർ രാജിവയ്ക്കണമെന്നും, ഭരണസമിതി പിരിച്ചുവിടണമെന്നും ആവശ്യപ്പെട്ട് കോർപ്പറേഷനിലെ പ്രതിപക്ഷ കക്ഷികൾ മേയറുടെ ഓഫീസ് ഉപരോധിക്കുകയാണ്.കോൺഗ്രസ് പ്രവർത്തകരാണ് ആദ്യം പ്രതിഷേധവുമായി എത്തിയത്. മേയറുടെ ചേംബറിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്തുനീക്കി. തുടർന്ന് ബിജെപി പാർലമെന്ററി പാർട്ടി നേതാവ് എം.ആർ ഗോപന്റെ നേതൃത്വത്തിൽ പ്രതിഷേധവുമായി ബിജെപി കൗൺസിലർമാരും രംഗത്തെത്തി. മേയറുടെ ഓഫീസിന് മുന്നിൽ പ്രതിഷേധിച്ച ഇവരെ പൊലീസ് ഇടപെട്ട് പുറത്താക്കി.

ജനങ്ങൾ തുടർഭരണം കൊടുത്ത ഒരു സർക്കാർ ചെയ്യുന്ന വൃത്തികേടുകളാണ് ഇപ്പോൾ മേയറുടെ കത്തിന്റെ രൂപത്തിൽ പുറത്തുവന്നിരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. ഈ മേയർ ഉൾപ്പടെയുള്ള ഡിവൈഎഫ്ഐ നേതാക്കന്മാർ ഡൽഹിയിൽ പോയി കേന്ദ്രസർക്കാരിനെതിരെ സമരം ചെയ്തിട്ടാണ് വന്നത്. ഞങ്ങളുടെ തൊഴിൽ എവിടെ എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. ഇവിടെ ഈ ഗ്രസംബന്ധ നാടകങ്ങൾ കാണിച്ചിട്ടാണ് തൊഴിൽ ചോദിച്ച് മേയർ ഡൽഹിയിൽ പോയതെന്നും വി.ഡി സതീശൻ വിമർശിച്ചു.മേയർ ആര്യ രാജേന്ദ്രന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയെ പിരിച്ചുവിടണമെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ പ്രതികരിച്ചു. തിരുവനന്തപുരം കോർപറേഷനിൽ താത്കാലിക അടിസ്ഥാനത്തിൽ ജോലി ഒഴിവുണ്ടെങ്കിൽ അത് ഫില്ല് ചെയ്യേണ്ടത് സിപിഎം ജില്ലാസെക്രട്ടറി ആനാവൂർ നാഗപ്പനാണോയെന്നും അദ്ദേഹം ചോദിച്ചു. സത്യപ്രതിഞ്ജാലംഘനവും സ്വജനപക്ഷപാതവും നടത്തിയ മേയർക്ക് സ്ഥാനത്ത് തുടരാൻ അവകാശമില്ലെന്നും സുരേന്ദ്രൻ ആരോപിച്ചു.295 ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിനായി പാർട്ടിക്കാരുടെ മുൻഗണന ലിസ്റ്റ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടാണ് ആനാവൂർ നാഗപ്പന് മേയർ കത്തയച്ചത്. മേയറുടെ ഔദ്യോഗിക ലെറ്റർ പാഡിൽ ഈ മാസം ഒന്നിനാണ് കത്തയച്ചിരിക്കുന്നത്. 'സഖാവേ' എന്ന് അഭിസംബോധന ചെയ്തുള്ള കത്തിൽ ഒഴിവുകളുടെ വിശദവിവരം നൽകിയശേഷം ഇതിലേക്ക് ഉദ്യോഗാർത്ഥികളുടെ മുൻഗണനാ പട്ടിക നൽകണമെന്ന് 'അഭ്യർത്ഥിക്കുന്നു'. അപേക്ഷിക്കേണ്ടതെങ്ങനെ, അവസാന തീയതി എന്നിവയും മേയർ ഒപ്പിട്ട കത്തിലുണ്ട്. പ്രധാന തസ്തികകൾ മുതൽ താൽക്കാലിക ഒഴിവുകളിൽ വരെ സിപിഎം ഇഷ്ടക്കാരെ കുത്തിനിറയ്ക്കുകയാണെന്ന ആക്ഷേപം സ്ഥിരീകരിക്കുന്നതാണ് കത്ത്.

എന്നാൽ താൻ ഇത്തരത്തിലൊരു കത്തിനെ കുറിച്ച് അറിഞ്ഞിട്ടില്ലെന്ന തരത്തിലാണ് ആര്യയുടെ പ്രതികരണം. ഡിവൈഎഫ്ഐയുടെ പാർലമെന്റ് മാർച്ചുമായി ബന്ധപ്പെട്ട് ഡൽഹിയിലായിരുന്നുവെന്നും, പാർട്ടിയുമായി ആലോചിച്ച് പ്രതികരിക്കാമെന്നുമാണ് മേയറുടെ മറുപടി.കത്ത് കിട്ടിയിട്ടിലെന്നും, പരിശോധിക്കാമെന്നും ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പനും പ്രതികരിച്ചിട്ടുണ്ട്. മേയർ കോഴിക്കോടാണ്. വിളിച്ചിട്ട് കിട്ടിയിട്ടിലെന്നാണ് ആനാവൂരിന്റെ വിശദീകരണം.സംഭവം പുറത്തായതോടെ സമൂഹ മാദ്ധ്യമങ്ങളിലടക്കം ആര്യയ്ക്കെതിരെ കടുത്ത വിമർശനം ഉയരുന്നുണ്ട്. മേയറുടേത് സത്യപ്രതിജ്ഞാലംഘനമാണെന്ന് വിമർശകർ ചൂണ്ടിക്കാട്ടുന്നു.




# ആ കത്ത് മേയറോ ഓഫീസോ നൽകിയിട്ടില്ല, വ്യാജ പ്രചരണങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് തിരുവനന്തപുരം കോർപ്പറേഷൻ

**തിരുവനന്തപുരം:** മേയർ ആര്യാ രാജേന്ദ്രനെതിരെ ഉയർന്ന നിയമന വിവാദവുമായി ബന്ധപ്പെട്ട് വിശദീകരണവുമായി തിരുവനന്തപുരം നഗരസഭ. കോർപ്പറേഷന്റെ അധീനതയിലുള്ള ആരോഗ്യവിഭാഗത്തിലേക്ക് വിവിധ തസ്തികകളിൽ സിപിഎം അനുഭാവികളെ നിയമിക്കാൻ സിപിഎം ജില്ലാ സെക്രട്ടറിക്ക് മേയർ അയച്ച കത്താണ് വിവാദമായത്. എന്നാൽ ഇത്തരത്തിൽ ഒരു കത്ത് മേയർ എന്ന നിലയിലോ മേയറുടെ ഓഫീസിൽ നിന്നോ നൽകിയിട്ടില്ലെന്നും, വ്യാജ പ്രചരണങ്ങൾക്കെതിരെ നിയമനടപടിയുമായി മുന്നോട്ട് പോകാനാണ് നഗരസഭയും ഭരണ സമിതിയും ഉദ്ദേശിക്കുന്നതെന്നും വിശദീകരണക്കുറിപ്പിൽ പറയുന്നു.


**വിശദീകരണക്കുറിപ്പിന്റെ പൂർണ രൂപം-**

നഗരസഭ ആരോഗ്യ വിഭാഗത്തിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ഒരു കത്ത് പ്രചരിക്കുന്നതായി മാധ്യമങ്ങളിലൂടെ അറിഞ്ഞു. ഇങ്ങിനെയൊരു കത്ത് മേയർ എന്ന നിലയിലോ മേയറുടെ ഓഫീസിൽ നിന്നോ നൽകിയിട്ടില്ല. ഇത്തരത്തിൽ കത്ത് നൽകുന്ന പതിവും നിലവിലില്ല.മേയർ സ്ഥലത്ത് ഇല്ലാതിരുന്ന ദിവസമാണ് കത്ത് കൈമാറിയതായി കാണുന്നത്.വിശദമായ വിവരങ്ങൾ അന്വേഷണത്തിലൂടെ മാത്രമെ കണ്ടെത്താനാകു. ഔദ്യോഗികമായി അത് നടന്ന് വരുകയാണ്.ഇത്തരത്തിൽ നഗരസഭയേയും മേയറേയും ഇകഴ്ത്തി കാട്ടാൻ ചിലർ നേരത്തേയും പല ശ്രമങ്ങളും നടത്തിയിരുന്നു.ആ ശ്രമമെല്ലാം പരാജയപെട്ടപ്പോഴാണ് ഇവർ പുതിയ തന്ത്രവുമായി രംഗത്ത് വരുന്നത്.ഇത്തരം വ്യാജ പ്രചരണങ്ങൾക്കെതിരെ നിയമനടപടിയുമായി മുന്നോട്ട് പോകാനാണ് നഗരസഭയും ഭരണ സമിതിയും ഉദ്ദേശിക്കുന്നത്. മാത്രവുമല്ല ഇങ്ങിനൊരു ആക്ഷേപം ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് ഈ തസ്തികകളിലേക്കുള്ള നിയമനം റദ്ദാക്കാനും തുടർന്ന് എംപ്ലോയ്മെന്റ് വഴി നിയമനം നടത്താനും നഗരസഭ തീരുമാനിച്ചു.

295 ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിനായി പാർട്ടിക്കാരുടെ മുൻഗണന ലിസ്റ്റ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടാണ് ആനാവൂർ നാഗപ്പന് മേയർ കത്തയച്ചത്. മേയറുടെ ഔദ്യോഗിക ലെറ്റർ പാഡിൽ ഈ മാസം ഒന്നിനാണ് കത്തയച്ചിരിക്കുന്നത്. 'സഖാവേ' എന്ന് അഭിസംബോധന ചെയ്തുള്ള കത്തിൽ ഒഴിവുകളുടെ വിശദവിവരം നൽകിയശേഷം ഇതിലേക്ക് ഉദ്യോഗാർത്ഥികളുടെ മുൻഗണനാ പട്ടിക നൽകണമെന്ന് 'അഭ്യർത്ഥിക്കുന്നു'. അപേക്ഷിക്കേണ്ടതെങ്ങനെ, അവസാന തീയതി എന്നിവയും മേയർ ഒപ്പിട്ട കത്തിലുണ്ട്. പ്രധാന തസ്തികകൾ മുതൽ താൽക്കാലിക ഒഴിവുകളിൽ വരെ സിപിഎം ഇഷ്ടക്കാരെ കുത്തിനിറയ്ക്കുകയാണെന്ന ആക്ഷേപം സ്ഥിരീകരിക്കുന്നതാണ് കത്ത്.

# ഗുജറാത്ത് നിയമസഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് അഞ്ചു സീറ്റു പോലും നേടില്ല, എഴുതി നൽകി അരവിന്ദ് കെജ്രിവാൾ

**അഹമ്മദാബാദ്:** ഗുജറാത്ത് നിയമസബാ തിരഞ്ഞെടുപ്പിൽ പ്രതിപക്ഷമായ കോൺഗ്രസ് അഞ്ചു സീറ്റുപോലും നേടില്ലെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ പറഞ്ഞു. അഞ്ച് സീറ്റ് കോൺഗ്രസിന് ലഭിക്കില്ലെന്ന് പറഞ്ഞതിന് തെളിവായി ഇക്കാര്യം അദ്ദേഹം കടലാസിൽ കുറിച്ചു നൽകുകയും ചെയ്തു. മാദ്ധ്യമങ്ങളുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.




കോൺഗ്രസിനെ ആരും ഗൗരവമായി എടുക്കുന്നില്ല. 30 ശതമാനം വോട്ടുവിഹിതം എ.എ.പിക്ക് ലഭിക്കും. പഞ്ചാബിൽ ഞങ്ങൾ സർക്കാറുണ്ടാക്കി. അതുപോലെ ഗുജറാത്തിലും എന്തെങ്കിലുംവ്യത്യാസമുണ്ടാകും. കോൺഗ്രസിന് ഒന്നും ചെയ്യാനാകില്ല, അഞ്ച് സീറ്റ് പോലിം അവർ നേടില്ല. രണ്ടാംസ്ഥാനത്ത് എത്തുന്നത് എ.എ.പിയായിരിക്കുമെന്നും കെജ്രിവാൾ പറഞ്ഞു. അതേസമയം എ.എ.പിക്ക് എത്ര സീറ്റ് കിട്ടുമെന്ന കാര്യം കെജ്രിവാൾ പ്രവചിച്ചില്ല. ബി.ജെ.പിയുടെ വോട്ടു വിഹിതത്തിൽ 20 ശതമാനം കുറവുണ്ടായെന്നും അദ്ദേഹം പറഞ്ഞു. ഡിസംബറിലാണ് ഗുജറാത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്നത്.നേരത്തെ കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തിൽ നിന്ന് മനിഷീ സിസോദിയയെയും സത്യേന്ദർ ജെയിനിനെയും ഒഴിവാക്കുന്നതിന് ബി.ജെ.പി ഡീൽ വാഗ്ദാനം ചെയ്കെന്ന് കെജ്രിവാൾ ആരോപിച്ചിരുന്നു. ഗുജറാത്ത് തിരഞ്ഞെടുപ്പിൽ നിന്ന് ആം ആദ്മി പാർട്ടി പിൻവാങ്ങിയാൽ മന്ത്രിമാരെ അന്വേഷണത്തിൽ നിന്ന് ഒഴിവാക്കെന്ന് ബി.ജെ.പി വാഗ്ദാനം ചെയ്തെന്നായിന്നു കെജ്രിവാളിന്റെ ആരോപണം.





02
06ഞായർ നവംബർ 2022
കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## കേന്ദ്ര സർക്കാർ മനസലിവ് കാണിക്കാത്തപ്പോഴും കോടതികൾ അർഹമായ പരിഗണന നൽകുന്നത് ശുഭപ്രതീക്ഷയാകുന്നു

പി.എഫ്. പെൻഷൻ കേസിലെ സുപ്രീം കോടതി വിധി സമ്മിശ്രപ്രതികരണം സൃഷ്ടിക്കുന്നതായി. ഉയർന്ന പെൻഷനു വഴിയൊരുക്കുന്ന കേരളാ ഹൈക്കോടതിയുടെ ഉൾപ്പെടെയുള്ള വിധിക്കെതിരേ കേന്ദ്ര തൊഴിൽ മന്ത്രാലയവും ഇ.പി.എഫ്.ഒ(എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗൈനൈസേഷൻ)യും നൽകിയ ഹർജികളിൽ ഉണ്ടായ വിധി ഇരുകൂട്ടർക്കും ഒരുപോലെ ആശ്വാസകരമാണെന്നു വിലയിരുത്താനാകും. പെൻഷൻ കാര്യത്തിൽ ഗുണകരമായ ചില മാറ്റങ്ങൾ തൊഴിലാളികൾക്കും ഉടൻ ഫണ്ട് കണ്ടെത്തേണ്ട ബാധ്യത സർക്കാരിനും ഇല്ലാത്ത രീതിയിലാണ് വിധി ഉണ്ടായത്.

നിലവിലുള്ള രീതിയിൽ എത്ര ഉയർന്ന ശമ്പളം ലഭിക്കുന്നവർക്കും ഇ.പി.എഫ്.ഒ. നിശ്ചയിച്ച പരിധി അനുസരിച്ചാണ് പി.എഫ്. പെൻഷൻ കിട്ടുന്നത്. 2014ൽ ആണ് ഇ.പി.എഫ്. ചട്ടങ്ങളിൽ കേന്ദ്ര സർക്കാർ ഭേദഗതി കൊണ്ടുവരുന്നത്. ഇതിലൂടെ പെൻഷൻ കണക്കാക്കുന്ന പരമാവധി ശമ്പളപരിധി 6500 രൂപയിൽനിന്ന് 15000 ആക്കി ഉയർത്തിയിരുന്നു. 1995 ൽ പെൻഷൻ സ്കീം തുടങ്ങിയപ്പോൾ പരിധി 5000 രൂപയായിരുന്നു. ഇപ്പോഴത്തെ സുപ്രീം കോടതി വിധിയിലൂടെ ശമ്പളം എത്രയുണ്ടെങ്കിലും പെൻഷൻ ഫണ്ടിലേക്ക് 15000 രൂപ അടിസ്ഥാനപ്പെടുത്തിയേ അടയ്ക്കാവൂ എന്ന ഭേദഗതി അസാധുവാകും. നിലവിലുള്ള എല്ലാ ഇ.പി.എഫ്. അംഗങ്ങൾക്കും പെൻഷൻ പദ്ധതിയിൽ ചേരാൻ നാല് മാസത്തെ സമയം ലഭിക്കുന്നത് നിരവധിപേർക്ക് ഗുണകരമാണ്. കട്ട് ഓഫ് തീയതി കാരണം ഓപ്ഷൻ നൽകാൻ കഴിയാതെ പോയ ജീവനക്കാർക്കാണ് അവസരം ലഭിക്കുക. വിരമിച്ച അംഗങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കുകയില്ല. 15000 രൂപയിൽ അധികം ശമ്പളമുള്ളവർ 1.16 ശതമാനം വിഹിതം ജീവനക്കാർ തന്നെ നൽകണമെന്ന വ്യവസ്ഥ റദ്ദാക്കിയതും തൊഴിലാളികൾക്ക് നേട്ടമാകും. റദ്ദാക്കിയ ഉത്തരവ് ആറുമാസത്തേക്ക് മരവിപ്പിച്ചുകൊണ്ട് അധിക ഫണ്ട് കണ്ടെത്താനുള്ള സാവകാശം കോടതി സർക്കാരിനു നൽകുകയുണ്ടായി.

ഉയർന്ന ശമ്പളത്തിന് അനുസരിച്ച് ലഭിക്കാവുന്ന ഏറ്റവും ഉയർന്ന പെൻഷൻ ലഭിക്കാവുന്ന സാഹചര്യം വിധിയിലൂടെ ഉണ്ടായില്ലെന്നതാണ് സുപ്രീം കോടതി വിധിയിൽ ജീവനക്കാർക്ക് ഉണ്ടായിട്ടുള്ള നിരാശ. വിരമിക്കുന്നതിന് തൊട്ടു മുമ്പുള്ള 12 മാസത്തെ ശമ്പളത്തിന്റെ ശരാശരിയുടെ അടിസ്ഥാനത്തിലാകണം പെൻഷൻ നിശ്ചയിക്കാൻ എന്ന് കേരള ഹൈക്കോടതി വിധിച്ചിരുന്നു. എന്നാൽ, വിരമിക്കുന്നതിന് മുമ്പുള്ള അഞ്ചു വർഷത്തെ ശരാശരി ശമ്പളമായിരിക്കും പെൻഷൻ നിശ്ചയിക്കുന്നതിന് കണക്കാക്കുകയെന്ന സർക്കാർ വ്യവസ്ഥയ്ക്കാണ് ചീഫ് ജസ്റ്റീസ് യു.യു. ലളിത് അധ്യക്ഷനായ മൂന്നംഗ സുപ്രീം കോടതി ബെഞ്ച് പച്ചക്കൊടി കാട്ടിയത്. ഇത് തൊഴിലാളികൾ ആഗ്രഹിക്കുന്ന ഉയർന്ന പെൻഷൻ സാധ്യതകൾക്ക് കനത്ത തിരിച്ചടിയാണ്.

കേരളത്തിനു പുറമേ ഡൽഹി, രാജസ്ഥാൻ ഹൈക്കോടതികളും 2014ലെ കേന്ദ്ര ഭേദഗതി റദ്ദാക്കി ഉത്തരവിട്ടിരുന്നു. 2018 ഒക്ടോബറിലായിരുന്നു കേരള ഹൈക്കോടതി വിധിയുണ്ടായത്. ശമ്പളത്തിന് ആനുപാതികമായി പെൻഷൻ നൽകിയാൽ വൻ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നാണ് ഇ.പി.എഫ്. ഒയുടേയും തൊഴിൽ മന്ത്രാലയത്തിന്റേയും എപ്പോഴത്തെയും വാദം. 16 ലക്ഷം കോടിരൂപയുടെ അധിക ബാധ്യതയാണ് പറയുന്നത്. അധിക ഫണ്ട് കണ്ടെത്താനായി നൽകിയ കാലയളവ് കേന്ദ്ര സർക്കാർ എത്തരത്തിലാകും വിനിയോഗിക്കുക എന്നത് നിർണായകമാകും. നിയമഭേദഗതികളിലൂടെ സർക്കാരിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ നീക്കമുണ്ടാകുമെന്ന് ഭയക്കുന്നവരേറെ. പെൻഷൻ ഫണ്ട് എന്നത് സാമൂഹിക സുരക്ഷാ പദ്ധതിയായി കണക്കാക്കുന്ന ആർക്കും വിരമിച്ച ജീവനക്കാർക്ക് അവരുടെ ജീവിതപ്രയാസങ്ങൾക്ക് ഉതകുന്ന രീതിയിൽ മെച്ചപ്പെട്ട പെൻഷൻ നൽകുന്ന കാര്യത്തിൽ എതിരു നിൽക്കാൻ കഴിയുന്നതല്ല. അതുകൊണ്ടുതന്നെ സാമ്പത്തിക ബാധ്യതയുടെ പേരുപറഞ്ഞ് അർഹമായ പെൻഷൻ വർധനയ്ക്കുള്ള തൊഴിലാളികളുടെ പോരാട്ടം പരാജയപ്പെടുത്താൻ നടത്തുന്ന സമീപനങ്ങളോട് ഒരുതരത്തിലും യോജിക്കാനാവില്ല. ഏതായാലും വർഷങ്ങളായി തൊഴിലാളികൾ നടത്തുന്ന പോരാട്ടത്തോട് കേന്ദ്ര സർക്കാർ മനസലിവ് കാണിക്കാത്തപ്പോഴും കോടതികൾ അർഹമായ പരിഗണന നൽകുന്നത് ശുഭപ്രതീക്ഷയാകുന്നു

## രാജ്ഭവനിൽ ഡെന്റൽക്ലിനിക്കിന് 10 ലക്ഷം അനുവദിച്ച് ധനവകുപ്പ്; മുഖ്യമന്ത്രി അന്തിമതീരുമാനം എടുക്കും

**തിരുവനന്തപുരം:** രാജ്ഭവനിൽ ഡെന്റൽ ക്ലിനിക്ക് തുടങ്ങാൻ 10 ലക്ഷംരൂപ അനുവദിച്ച് ധനവകുപ്പ്. തുക അനുവദിച്ചു കൊണ്ടുള്ള ഫയൽ പൊതുഭരണ വകുപ്പ് വഴി മുഖ്യമന്ത്രിയുടെ ഓഫീസിനു കൈമാറിയെന്നാണ് വിവരം. വിഷയത്തിൽ ഇനി അന്തിമ തീരുമാനമെടുക്കേണ്ടത് മുഖ്യമന്ത്രിയാണ്. അനുകൂലമായി തീരുമാനമെടുത്താൽ ഉത്തരവ് ഉടൻ ഇറങ്ങും.

അതേസമയം വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരും ഗവർണറും തമ്മിൽ പ്രശ്നങ്ങളുണ്ടാകുന്നതിന് മുൻപുതന്നെ ധനവകുപ്പ് ഇക്കാര്യത്തിൽ തീരുമാനമെടുത്തിരുന്നെന്നും ഇപ്പോൾ വിവാദങ്ങൾ കത്തിനിൽക്കുന്ന സമയമായതിനാലാണ് ഇത് ചർച്ചയാകുന്നതെന്നും ധനവകുപ്പ് വൃത്തങ്ങൾ പറയുന്നു.

രാജ്ഭവനിലെ നിലവിലുള്ള ക്ലിനിക്കിനോട് ചേർന്ന് ഡെന്റൽ ക്ലിനിക്ക് തുടങ്ങാൻ 10 ലക്ഷംരൂപ അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറിയാണ് സർക്കാരിനെ സമീപിച്ചത്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ജൂലൈയിൽ പൊതുഭരണ സെക്രട്ടറിക്ക് ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറി കത്തുനൽകിയിരുന്നു. ഈ കത്ത് പരിഗണിച്ചാണ് ധനവകുപ്പ് അനുകൂല തീരുമാനമെടുത്തത്.



## സാമ്പത്തിക സംവരണത്തിൽ വിധി തിങ്കളാഴ്ച; ചീഫ് ജസ്റ്റിസ് അടങ്ങിയ അഞ്ചംഗ ബെഞ്ച് വിധിപ്രസ്താവിക്കും

ന്യൂഡൽഹി: മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് തൊഴിൽ, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പത്തു ശതമാനം സംവരണത്തിനുള്ള ഭരണഘടനാ ഭേദഗതി ചോദ്യം ചെയ്തുള്ള ഹർജിയിൽ സുപ്രീം കോടതി തിങ്കളാഴ്ച വിധി പറയും.

വിഷയവുമായി ബന്ധപ്പെട്ട 103-ാം ഭരണഘടനാ ഭേദഗതി ചോദ്യം ചെയ്തു കൊണ്ടുള്ള ഹർജിയിലാണ് വിധി. ചീഫ് ജസ്റ്റിസ് യു.യു. ലളിത്, ജസ്റ്റിസ് ദിനേശ് മഹേശ്വരി, ജസ്റ്റിസ് എസ് രവീന്ദ്ര ഭട്ട്, ജസ്റ്റിസ് ബേല എം ത്രിവേദി, ജസ്റ്റിസ് ജെ.ബി. പാർദിവാല എന്നിവരടങ്ങിയ അഞ്ചംഗ ഭരണഘടനാ ബെഞ്ചാണ് വിധിപ്രസ്താവിക്കുക.

തൊഴിലിലും വിദ്യാഭ്യാസത്തിലും 10 ശതമാനം



## കാലാവസ്ഥ ഉച്ചകോടി; നിക്ഷേപത്തിന് ഊന്നൽ നൽകാനൊരുങ്ങി ഇന്ത്യ

കാലാവസ്ഥാസംബന്ധിയായ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള നിക്ഷേപത്തിന് ഊന്നൽ നൽകിയാകും ഇന്ത്യ ഇത്തവണ ഇഛരജ 27 കാലാവസ്ഥ ഉച്ചകോടിയിൽ പങ്കെടുക്കുകയെന്ന് കേന്ദ്ര പരിസ്ഥിതി, വനം വകുപ്പ് മന്ത്രി ഭൂപേന്ദർ യാദവ്. ഇഛരജ 27 ഈജിപ്തിലെ ഷർമ് അൽ ഷെയ്ക്കിൽ നവംബർ 6 മുതൽ 18 വരെ നടക്കാനിരിക്കെയാണ് മന്ത്രിയുടെ പ്രതികരണം. കഴിഞ്ഞ വർഷം യു.കെയിലെ ഗ്ലാസ്ഗോയിലായിരുന്നു കാലാവസ്ഥാ ഉച്ചകോടി (ഇഛരജ 26) സംഘടിപ്പിച്ചത്.

‘കാലാവസ്ഥാ നിക്ഷേപമെന്നത് ഇതുവരെ വിശദീകരിക്കപ്പെട്ടിട്ടില്ല. ഇത്തരമൊരു സാഹചര്യത്തിൽ ഇതിന്റെ സാധ്യതയിലും മറ്റും വ്യക്തത അനിവാര്യമാണ്. ലോണുകളുടെയോ ഗ്രാന്റുകളുടേയോ സബ്സിഡികളുടേയോ രൂപത്തിലാണോ, സ്വകാര്യ മേഖലയിൽ നിന്നാണോ പൊതുമേഖലയിൽ നിന്നാകണോ-തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത അനിവാര്യമാണ്, ഭൂപേന്ദർ യാദവ് കൂട്ടിച്ചേർത്തു. രാജ്യത്ത് ഇതുവരെ നടപ്പിലാക്കിയ പദ്ധതികളെല്ലാം രാജ്യത്തിന്റെ സ്വന്തം വരുമാനത്തിൽ നിന്നുള്ള നിക്ഷേപത്തിലാണ് നടപ്പിലാക്കിയതെന്ന് പരിസ്ഥിതി സെക്രട്ടറി ലീന നന്ദൻ പ്രതികരിച്ചു.

അതേസമയം, രൂക്ഷമായ കാലാവസ്ഥാപ്രതിസന്ധിയിലേക്കാണ് ഭൂമി നീങ്ങുകയാണെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് അഭിപ്രായപ്പെട്ടു. ഞായറാഴ്ച ഈജിപ്തിൽ ആരംഭിക്കുന്ന കാലാവസ്ഥാ ഉച്ചകോടി ഭൂമിയെ സംരക്ഷിക്കാനുള്ള അഭിലാഷവും അന്താരാഷ്ട്ര സഹകരണവും വീണ്ടെടുക്കാനുള്ള ള്ള വേദിയാണെന്ന് ഗുട്ടറെസ് പറഞ്ഞു.

## ’ഡൽഹിയിൽ ജോലിക്കായി സമരം, തിരുവനന്തപുരത്ത് പാർട്ടിക്കാർക്ക് ജോലി’; മേയർക്കെതിരേ വിമർശനം

**തിരുവനന്തപുരം:** താത്കാലിക നിയമനത്തിൽ സി.പി.എം. ജില്ലാ സെക്രട്ടറിക്ക് അയച്ച കത്തിന്റെ പേരിൽ വിവാദം പൊട്ടിപ്പുറപ്പെട്ടതിന് പിന്നാലെ മേയർ ആര്യ രാജേന്ദ്രന്റെ ഫെയ്സ്ബുക്ക് പോസ്റ്റിലും രൂക്ഷ വിമർശനം. കഴിഞ്ഞദിവസം ഡി.വൈ.എഫ്.ഐ. ഡൽഹിയിൽ സംഘടിപ്പിച്ച പാർലമെന്റ് മാർച്ചിൽനിന്നുള്ള ചിത്രങ്ങൾ ആര്യ രാജേന്ദ്രൻ ഫെയ്സ്ബുക്കിൽ പങ്കുവെച്ചിരുന്നു. ഈ പോസ്റ്റിന് താഴെയാണ് പ്രതിഷേധ കമന്റുകൾ നിറഞ്ഞിരിക്കുന്നത്.

'എവിടെ എന്റെ തൊഴിൽ' എന്ന ചോദ്യമുയർത്തിയാണ് രാജ്യത്തെ തൊഴിലില്ലായ്മക്കെതിരേ ഡി.വൈ.എഫ്.ഐ. പാർലമെന്റ് മാർച്ച് സംഘടിപ്പിച്ചത്. നവംബർ മൂന്നാം തീയതി നടന്ന മാർച്ച് സി.പി.എം. ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയാണ് ഉദ്ഘാടനം ചെയ്തത്. ഡൽഹിയിൽ മാർച്ചിൽ പങ്കെടുത്ത ചിത്രങ്ങൾ മേയറും ഫെയ്സ്ബുക്കിൽ പങ്കുവെച്ചു. എന്നാൽ തിരുവനന്തപുരം കോർപ്പറേഷനിലെ കത്ത് പുറത്തുവന്നതോടെ ഈ പോസ്റ്റിന് താഴെ കമന്റുകൾ നിറയുകയായിരുന്നു.

ഡൽഹിയിൽ എവിടെ ജോലിയെന്ന് ചോദിച്ചവർ, തിരുവനന്തപുരത്ത് എത്തുമ്പോൾ പാർട്ടിക്കാർക്ക് മാത്രം ജോലി നൽകുകയാണെന്നാണ് കമന്റുകളിലെ പ്രധാന ആക്ഷേപം. ജോലിക്കായുള്ള പാർട്ടി ലിസ്റ്റിൽ ചേർക്കാമോ എന്നും ജോലിയുണ്ടോ സഖാവേ എന്നുമുള്ള ചോദ്യങ്ങളും കമന്റുകളിലുണ്ട്.

കോർപ്പറേഷൻ ആരോഗ്യവിഭാഗത്തിലെ താത്കാലിക നിയമനത്തിനായി പാർട്ടിക്കാരുടെ പട്ടിക ആവശ്യപ്പെട്ടാണ് മേയർ ആര്യ രാജേന്ദ്രൻ സി.പി.എം. ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പന് കത്തയച്ചത്. 295 ഒഴിവുകളാണുള്ളതെന്നും ഇതിലേക്കുള്ള നിയമനത്തിനായി മുൻഗണനാ പട്ടിക നൽകണമെന്നുമായിരുന്നു ആവശ്യം. ഒന്നാം തീയതി പാർട്ടി സെക്രട്ടറിക്ക് അയച്ച കത്ത് പിന്നീട് സി.പി.എം. നേതാക്കന്മാർ വിവിധ വാർഡുകളിലെ വാട്സാപ്പ് ഗ്രൂപ്പുകളിൽ പ്രചരിപ്പിച്ചതോടെയാണ് പുറത്തായത്.

മേയറുടെ കത്തിന് പിന്നാലെ നഗരസഭയിലെ സി.പി.എം. പാർലമെന്ററി പാർട്ടി സെക്രട്ടറിയും മരാമത്ത് കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായ ഡി.ആർ. അനിൽ അയച്ച മറ്റൊരു കത്തും പുറത്തുവന്നു. എസ്.എ.ടി. ആശുപത്രിയിലെ വിശ്രമകേന്ദ്രത്തിലേക്ക് ഒൻപത് പേരെ നിയമിക്കുന്നത് സംബന്ധിച്ച് ഒക്ടോബർ 24-ന് ജില്ലാ സെക്രട്ടറിക്ക് അയച്ച കത്താണ് പുറത്തുവന്നത്. യോഗ്യരായ കുടുംബശ്രീ അംഗങ്ങളുടെ പട്ടിക കൈമാറണമെന്നായിരുന്നു കത്തിലെ ആവശ്യം.

അതിനിടെ, മേയറുടെ കത്ത് പുറത്തുവന്നതോടെ കോൺഗ്രസും ബിജെപിയും ഉൾപ്പെടെയുള്ള പ്രതിപക്ഷകക്ഷികൾ പ്രതിഷേധവുമായി രംഗത്തെത്തി. നഗരസഭ ഓഫീസിലേക്ക് ഇരുപാർട്ടികളും പ്രതിഷേധ പ്രകടനം നടത്തി. ഡെപ്യൂട്ടി മേയർ പി.കെ. രാജുവിനെ ബി.ജെ.പി. പ്രവർത്തകർ തടഞ്ഞു. എന്നാൽ മേയറുടെ പേരിൽ പുറത്തുവന്ന കത്ത് വ്യാജമാണെന്നായിരുന്നു ഡെപ്യൂട്ടി മേയറുടെ പ്രതികരണം.






## സൈറസ് മിസ്ത്രിയുടെ മരണം: കാർ ഓടിച്ചിരുന്ന വനിതാഡോക്ടർക്കെതിരേ കേസ്

മുംബൈ: ടാറ്റാ സൺസ് മുൻ ചെയർമാൻ സൈറസ് മിസ്ത്രി വാഹനാപകടത്തിൽ മരിച്ച സംഭവവുമായി ബന്ധപ്പെട്ട് സഹയാത്രിക അനഹിത പൻഡോളയ്ക്കെതിരേ മുംബൈ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. അപകടസമയത്ത് അനഹിതയായിരുന്നു കാറോടിച്ചിരുന്നത്. മുംബൈയിലെ അറിയപ്പെടുന്ന ഗൈനക്കോളജിസ്റ്റാണ് അനഹിത.

സെപ്റ്റംബർ അഞ്ചിനാണ് മഹാരാഷ്ട്രയിലെ പൽഘറിൽ വച്ച് മിസ്ത്രിയും സംഘവും സഞ്ചരിച്ചിരുന്ന കാർ അപകടത്തിൽപ്പെട്ടത്. കാർ, റോഡിലെ ഡിവൈഡറിൽ ഇടിച്ചു മറിഞ്ഞുണ്ടായ അപകടത്തിൽ മിസ്ത്രിയുടെ സുഹൃത്തും സഹയാത്രികനുമായിരുന്ന ജഹംഗീർ പൻഡോളിനും ജീവൻ നഷ്ടമായിരുന്നു. ഇവർക്കൊപ്പം കാറിലുണ്ടായിരുന്ന അനഹിതയ്ക്കും ഭർത്താവ് ഡാരിയസിനും അപകടത്തിൽ ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു.


അശ്രദ്ധമായും അമിതവേഗത്തിലും കാർ ഓടിച്ചതാണ് അപകടകാരണമെന്ന് പോലീസ് വ്യക്തമാക്കി. അതിനാലാണ് അനഹിതയ്ക്കെതിരേ കേസ് രജിസ്റ്റർ ചെയ്തതെന്നും പോലീസ് കൂട്ടിച്ചേർത്തു. അനഹിതയുടെ ഭർത്താവ് ഡാരിയസിന്റെ മൊഴി രേഖപ്പെടുത്തിയതിന് ശേഷമാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. കഴിഞ്ഞമാസം അവസാനമാണ് ഡാരിയസിനെ ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്തത്.

മുംബൈയിലേക്കുള്ള യാത്രയിൽ അനഹിതയായിരുന്നു കാർ ഓടിച്ചിരുന്നതെന്ന് ഡാരിയസ് മൊഴി നൽകിയിട്ടുണ്ട്. തങ്ങളുടെ മുന്നിലുണ്ടായിരുന്ന ഒരു കാർ മൂന്നാം ലെയ്നിൽനിന്ന് രണ്ടാം ലെയ്നിലേക്ക് നീങ്ങിയിരുന്നു. അനഹിതയും ഇതേ രീതി പിന്തുടരുകയായിരുന്നെന്നും അദ്ദേഹം പറഞ്ഞതായി ഒരു പോലീസ് ഉദ്യോഗസ്ഥനെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ പി.ടി.ഐ. റിപ്പോർട്ട് ചെയ്തു.









# ഗവർണർക്കെതിരായ എൽഡിഎഫ് ധർണയിൽ ഡിഎംകെയും

ഗവർണർ ആരിഫ് മുഹമ്മദ് ഖാനെതിരായ എൽഡിഎഫ് സംഘടിപ്പിക്കുന്ന ധർണയിൽ ഡിഎംകെയും പങ്കെടുക്കും. നവംബർ 15ന് രാജ്ഭവന് മുന്നിൽ നടക്കുന്ന ധർണയിൽ ഡിഎംകെയുടെ രാജ്യസഭാ നേതാവ് തിരുച്ചി ശിവ പങ്കെടുക്കും. സിപിഐഎം ജനറൽ സെക്രട്ടറി സീതാറാം യച്ചൂരിയും പങ്കെടുക്കും.സിപിഐഎം സംസ്ഥാന സമിതിയിലാണ് തീരുമാനം. സംസ്ഥാന സമിതിയിൽ ഗവർണർക്കു നേരെ രൂക്ഷ വിമർശനമാണ് ഉയർന്നത്. ഇതിന് പിന്നാലെയാണ് സമാന പ്രശ്നം അനുഭവിക്കുന്ന തമിഴ്നാടിനെ ഉൾപ്പെടുത്തി പ്രക്ഷോഭം വിപുലീകരിക്കുന്നത്. ധർണയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള ഉന്നത നേതാക്കൾ പങ്കെടുക്കും.



# കാട്ടാക്കട നിയോജക മണ്ഡലം സമ്പൂർണ മാലിന്യ മുക്തം; നീക്കം ചെയ്തത് 72 ടൺ മാലിന്യം

കാട്ടാക്കട നിയോജക മണ്ഡലത്തെ സമ്പൂർണ മാലിന്യ മുക്ത മണ്ഡലമായി പ്രഖ്യാപിച്ചു. ഒരുമാസം നീണ്ടു നിന്ന പ്രചാരണ പരിപാടികളിലൂടെ 72 ടൺ മാലിന്യമാണ് മണ്ഡലത്തിൽ നിന്ന് നീക്കം ചെയ്തത്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും തരംതിരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും കലണ്ടർ തയ്യാറാക്കിയുള്ള പ്രവർത്തനങ്ങൾക്കും രൂപം നൽകി.മാലിന്യമുക്തം എന്റെ കാട്ടാക്കട ക്യാംപയിൻറെ ഭാഗമായാണ് മണ്ഡലത്തെ സമ്പൂർണ മാലിന്യ മുക്തമായി പ്രഖ്യാപിച്ചത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ഹരിത കേരള മിഷൻ, ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, ഹരിത കർമ്മ സേന എന്നിവരുടെ സഹകരണത്തോടെയാണ് ശുചീകരണ യജ്ഞം നടപ്പാക്കിയത്. 72 ടൺ മാലിന്യമാണ് പദ്ധതിയുടെ ഭാഗമായി നീക്കം ചെയ്തത്. ജോൺ ബ്രിട്ടാസ് എം.പിയാണ് മണ്ഡലത്തെ മാലിന്യമുക്തമായി പ്രഖ്യാപിച്ചത്.മാലിന്യമുക്ത ക്യാംപെയിനിൽ മികച്ച പ്രവർത്തനം നടത്തി ഒന്നാം സ്ഥാനം നേടിയ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന് എം.പി പുരസ്കാരം നൽകി. ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളായ മുഴുവൻ ഹരിത കർമ്മസേനാ അംഗങ്ങളേയും ചടങ്ങിൽ ആദരിച്ചു. മാലിന്യ ശേഖരണത്തിനായി മണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിലെയും ഹരിതകർമ്മസേനകൾക്ക് ഇലക്ട്രിക് വാഹനങ്ങളും കൈമാറി.





# മൂന്നാറിൽ കാട്ടാനയിറങ്ങി; പഴക്കടയിൽ കയറി കരിക്ക് അകത്താക്കി

**മൂന്നാർ :** വിനോദസഞ്ചാര മേഖലയായ മാട്ടുപ്പെട്ടി എക്കോ പോയിന്റിൽ പകൽ സമയത്ത് കാട്ടാനയിറങ്ങി. ആനയെകണ്ട് വിനോദസഞ്ചാരികൾ ചിതറിയോടി. എന്നാൽ, വളരെശാന്തനായി എത്തിയ ആന ആരെയും ഉപദ്രവിക്കാൻ നിൽക്കാതെ റോഡരികിലുള്ള പഴക്കടയിൽനിന്ന് കരിക്ക്, ചോളം, പഴങ്ങൾ എന്നിവ അകത്താക്കി.ശനി പകൽ 10 ഓടെയാണ് വനത്തിൽനിന്നും ഒറ്റയാൻ ഇറങ്ങി റോഡിലൂടെ നടന്നു നീങ്ങിയത്. ആനയുടെ ചിത്രം മൊബൈലിൽ പകർത്തുന്നതിന് സഞ്ചാരികൾ തിരക്ക് കൂട്ടുന്നതിനിടെ ആന മുമ്പോട്ട് ചുവട് വച്ചത് പരിഭ്രാന്തിപരത്തി. ഒരു മണിക്കൂറോളം റോഡിൽ തന്നെ നിലയുറപ്പിച്ചതിനുശേഷം കാട്ടിലേക്ക് മടങ്ങുകയായിരുന്നു. പുലർച്ചെ വിനോദ്, തോമസ്, ശിവപെരുമാൾ എന്നിവരുടെ കടകൾ ആന നശിപ്പിച്ചിരുന്നു.

# റോഡിലും സിഗ്നലുകളിലും കുട്ടികളുമായി കച്ചവടം വേണ്ട: ബാലാവകാശ കമ്മീഷൻ

**തിരുവനന്തപുരം :**സംസ്ഥാനത്തെ റോഡുകളിലും ട്രാഫിക് സിഗ്നലുകളിലും കുട്ടികളെ ഉപയോഗിച്ചും കുഞ്ഞുങ്ങളെ കൈയിലേന്തിയുമുള്ള കച്ചവടങ്ങൾ ഒഴിവാക്കണമെന്ന് ബാലാവകാശ കമീഷൻ. കുട്ടികളുടെ സുരക്ഷിതത്വവും താൽപ്പര്യങ്ങളും സംരക്ഷിക്കുന്നുവെന്ന് ഉറപ്പാക്കാൻ സംസ്ഥാന പൊലീസ് മേധാവിക്കും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർക്കും കമീഷൻ നിർദേശം നൽകികമീഷൻ ചെയർപേഴ്സൺ കെ വി മനോജ് കുമാർ, അംഗം ശ്യാമളാദേവി എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്. രക്ഷിതാക്കൾ കുട്ടികളെ വെയിലത്ത് കിടത്തി കച്ചവടം നടത്താനോ കുട്ടികൾ നേരിട്ട് കച്ചവടം ചെയ്യാനോ പാടില്ല. വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് 45 ദിവസത്തിനകം സമർപ്പിക്കണം. സമരമുഖങ്ങളിൽ കുട്ടികളെ കവചമായി ഉപയോഗിക്കരുതെന്നും ഇത്തരത്തിൽ പ്രവർത്തിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്നുമുള്ള മുൻ ഉത്തരവ് കർശനമായി നടപ്പാക്കണമെന്നും നിർദേശമുണ്ട്.


# ഗവർണർക്കെതിരായ എൽഡിഎഫ് ധർണയിൽ ഡിഎംകെയും

ഗവർണർ ആരിഫ് മുഹമ്മദ് ഖാനെതിരായ എൽഡിഎഫ് സംഘടിപ്പിക്കുന്ന ധർണയിൽ ഡിഎംകെയും പങ്കെടുക്കും. നവംബർ 15ന് രാജ്ഭവന് മുന്നിൽ നടക്കുന്ന ധർണയിൽ ഡിഎംകെയുടെ രാജ്യസഭാ നേതാവ് തിരുച്ചി ശിവ പങ്കെടുക്കും. സിപിഐഎം ജനറൽ സെക്രട്ടറി സീതാറാം യച്ചൂരിയും പങ്കെടുക്കും.സിപിഐഎം സംസ്ഥാന സമിതിയിലാണ് തീരുമാനം. സംസ്ഥാന സമിതിയിൽ ഗവർണർക്കു നേരെ രൂക്ഷ വിമർശനമാണ് ഉയർന്നത്. ഇതിന് പിന്നാലെയാണ് സമാന പ്രശ്നം അനുഭവിക്കുന്ന തമിഴ്നാടിനെ ഉൾപ്പെടുത്തി പ്രക്ഷോഭം വിപുലീകരിക്കുന്നത്. ധർണയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള ഉന്നത നേതാക്കൾ പങ്കെടുക്കും.


# മലപ്പുറത്ത് ഭാര്യക്ക് നേരെ ആസിഡ് ആക്രമണം

**മലപ്പുറം :**പാണ്ടിക്കാട് ഭാര്യക്ക് നേരെ ആസിഡ് ആക്രമണം. വണ്ടൂർ സ്വദേശി ഷാനവാസാണ് ഭാര്യയെ ആക്രമിച്ചത്. ദേഹമാസകലം പൊള്ളലേറ്റ ഭാര്യ ഫഷാന കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. കുടുംബപ്രശ്നങ്ങളെ തുടർന്നാണ് ആക്രമണമുണ്ടായത്. ഷാനവാസിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇയാൾക്കെതിരെ വധശ്രമത്തിന് കേസെടുത്തിട്ടുണ്ട്.ഇന്നലെ പുലർച്ചെ നാല് മണിയോടെയായിരുന്നു സംഭവം. വണ്ടൂർ കൂരാട് സ്വദേശിയായ ഷാനവാസ് രാവിലെ പാണ്ടിക്കാട് ചമ്പ്രശ്ശേരിയിലുള്ള ഭാര്യാവീട്ടിലെത്തി ഓടുപൊളിച്ച് വീട്ടിൽ അതിക്രമിച്ച് കയറുകയും ആസിഡ് ഭാര്യയുടെ തലയ്ക്ക് മുകളിലൂടെ ഒഴിക്കുകയുമായിരുന്നു. ആക്രമണത്തിനിടെ ഇയാൾക്കും പൊള്ളലേറ്റു. ഒരു വർഷമായി ദമ്പതികൾ പിരിഞ്ഞുതാമസിക്കുകയാണ്. വീട്ടിലേക്ക് തിരികെവരണമെന്ന ആവശ്യവുമായായിരുന്നു ആക്രമണം. അടുത്തുണ്ടായിരുന്ന രണ്ട് കുട്ടികളെയും ആക്രമിക്കാൻ ശ്രമിച്ചെങ്കിലും ബന്ധുക്കൾ ഇടപെട്ട് പിടിച്ചുമാറ്റി.ഒരു വർഷം മുൻപ് ഇയാൾ മാനസിക പ്രശ്നങ്ങൾക്ക് ചികിത്സ തേടിയിട്ടുണ്ട്. ആ സമയത്ത് അമ്മാവനെ കഴുത്തു ഞെരിച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതികൂടിയാണ്.



# വിസ്മയയുടെ സഹോദരൻ ഉൾപ്പെടെ 26 നാവികർ തടവിൽ; മോചിപ്പിക്കാതെ ഗിനിയ

പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ ഗിനിയയിൽ നാവികസേനയുടെ പിടിയിലായ മലയാളികൾ ഉൾപ്പെടെയുള്ള 26 അംഗ സംഘം മോചനത്തിന് വഴികാണാതെ ദുരിതത്തിൽ. കൊല്ലത്ത് സ്ത്രീധന പീഡനത്തെ തുടർന്ന് ആത്മഹത്യചെയ്ത വിസ്മയയുടെ സഹോദരൻ വിജിത്തും തടവിലായവരുടെ കൂട്ടത്തിലുണ്ട്.വിസ്മയയുടെ സഹോദരൻ ഉൾപ്പെടെ മൂന്ന് മലയാളികൾ 16 അംഗ ഇന്ത്യൻ സംഘത്തിലുണ്ട്. പത്തുപേർ വിദേശികളാണ്. അന്വേഷണത്തിൽ ഒന്നും കണ്ടെത്താൻ കഴിയാത്തതിനാൽ ഗിനിയൻ നേവി രണ്ടുലക്ഷം ഡോളർ മോചനദ്രവ്യം കപ്പൽ കമ്പനിയോട് ആവശ്യപ്പെട്ടു. കമ്പനി അത് നൽകിയതോടെ മോചനം സാധ്യമായെന്നായിരുന്നു പ്രതീക്ഷ. എന്നാൽ ജീവനക്കാരെയും കപ്പലിനെയും നൈജീരിയയ്ക്ക് കൈമാറാനാണ് ഇപ്പോഴത്തെ നീക്കം.നേർവേ ആസ്ഥാനമായ ഹീറോയിക് ഐഡം എന്ന കപ്പൽ ഓഗസ്റ്റ് എട്ടിനാണ് നൈജീരിയയിലെ എകെപിഒ ടെർമിനലിൽ ക്രൂഡ് ഓയിൽ നിറയ്ക്കാൻ എത്തിയത്. ടെർമിനലിൽ ഊഴംകാത്ത് നിൽക്കുന്നതിനിടെ ഒരു ബോട്ട് കപ്പൽ ലക്ഷ്യമാക്കി വരുന്നത് ജീവനക്കാരുടെ ശ്രദ്ധയിൽപ്പെട്ടു. കടൽകൊള്ളക്കാരാണെന്ന ധാരണയിൽ കപ്പൽ ഉടൻ മാറ്റി. ഗിനിയൻ നേവി കപ്പൽ വളഞ്ഞ് ജീവനക്കാരെ കസ്റ്റഡിയിൽ എടുത്തപ്പോഴാണ് വന്നത് സൈന്യമാണെന്ന് അറിയുന്നത്.



# ഫ്ലക്സ് കെട്ടുന്നതിനിടെ അപകടം; ബ്രസീൽ ആരാധകൻ മരത്തിൽ നിന്ന് വീണ് മരിച്ചു

കണ്ണൂരിൽ യുവാവ് മരത്തിൽ നിന്ന് വീണ് മരിച്ചു. ലോകകപ്പ് ഫുട്ബോളുമായി ബന്ധപ്പെട്ട് ഫ്ലക്സ് കെട്ടുന്നതിനിടെയാണ് അപകടം സംഭവിച്ചത്. കണ്ണൂർ അലവിൽ സ്വദേശി നിതീഷ് (47) ആണ് മരിച്ചത്. ബ്രസീൽ ആരാധകനായ നിതീഷ് ഫ്ലക്സ് കെട്ടുന്നതിനായാണ് മരത്തിൽ കയറിയത്. ഇതിനിടെയായിരുന്നു അപകടം. തുടർന്ന് ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു മരണം സംഭവിച്ചത്.കടുത്ത ബ്രസീൽ ആരാധകനായ ഇയാൾ അലവിൽ ബസ് സ്റ്റോപ്പിന് സമീപത്തായാണ് ബ്രസീലിൻറെ ഫ്ലെക്സ് കെട്ടിയത്.



# റോഡിലെ കുഴിയിൽ വീണ് തുടയെല്ല് പൊട്ടി

കോഴിക്കോട് താമരശേരിയിൽ റോഡിലെ കുഴിയിൽ വീണ് തുടയെല്ലുപൊട്ടിയ അബ്ദുൽ റസാക്കിന് ഏഴര ലക്ഷം രൂപ നഷ്ടപരിഹാരം. റോഡ് കരാറുകാരനായ ശ്രീധന്യ കൺസ്ട്രക്ഷൻസും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമാണ് നഷ്ടപരിഹാരം നൽകേണ്ടത്. റോഡ് നിർമാണത്തിനായി കുഴിച്ച കുഴിയിലാണ് അബ്ദുൽ റസാക്ക് വീണത്. ചുങ്കം – മുക്കം റോഡിൽ വെഴുപ്പൂർ ബസ്സ്റ്റോപ്പിന് സമീപം ജനുവരി അഞ്ചിന് രാത്രിയായിരുന്നു അപകടം. കുഴിയുണ്ടെന്ന് മുന്നറിയിപ്പ് നൽകുന്ന ബോർഡുകൾ ഇവിടെ സ്ഥാപിച്ചിരുന്നില്ല. ജില്ലാ നിയമസേവന അതോറിറ്റി മുമ്പാകെ നൽകിയ പരാതി പരിഗണിച്ച അദാലത്തിലാണ് ഏഴര ലക്ഷം രൂപ 10 ദിവസത്തിനകം നൽകാൻ തീരുമാനമായത്. കരാറുകാരനായ ശ്രീധന്യ കൺസ്ട്രക്ഷൻസ് ആറര ലക്ഷവും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ഒരു ലക്ഷം രൂപയും നൽകും. ജില്ലാ നിയമസേവന അതോറിറ്റി സെക്രട്ടറിയും സബ്ജഡ്ജുമായ ഷൈജൽ എംപി അദാലത്തിന് നേതൃത്വം നൽകി. അബ്ദുൽ റസാക്ക്, എക്സിക്യൂട്ടീവ് എൻജിനിയർ ഷാജി, ശ്രീധന്യ കൺസ്ട്രക്ഷൻസ് പ്രോജക്റ്റ് മാനേജർ നരസിമ്മൻ, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുടെ ഡെപ്യൂട്ടി മാനേജർ ട്രീസാ വാലന്റീന, അഡ്വ. ടിവി ഹരി, അഡ്വ. അനിൽ വിശ്വനാഥ്, സോഷ്യോളജിസ്റ്റ് ജിജി എന്നിവർ അദാലത്തിൽ പങ്കെടുത്തു. ജില്ലാ നിയമസേവന അതോറിറ്റി പ്രതിനിധിയായി അഡ്വ. വി പി രാധാകൃഷ്ണൻ ഹാജരായി.

# വൈക്കത്തഷ്ടമി; ഇന്ന് കൊടിയേറ്റ്

വൈക്കം മഹാദേവ ക്ഷേത്രത്തിലെ അഷ്ടമി ഉത്സവത്തിന് നാളെ കൊടിയേറും. നാളെ രാവിലെ 7.10നും 9.10നും മദ്ധ്യേ തന്ത്രി മുഖ്യൻമാരായ ഭദ്രകാളി മറ്റപ്പള്ളി നാരായണൻ നമ്പൂതിരിയുടേയും കിഴക്കിനിയേടത്ത് മേക്കാട് മാധവൻ നമ്പൂതിരിയുടേയും മുഖ്യ കാർമ്മികത്വത്തിലാണ് കൊടിയേറ്റ്. പ്രസിദ്ധമായ വൈക്കത്തഷ്ടമി ദർശനം 17 ന് നടക്കും.കൊടിയേറ്റിനെത്തുടർന്ന് 9.10ന് കൊടിക്കീഴിൽ തിരുവതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ബി.എസ്. പ്രകാശ് ദീപം തെളിക്കും. 9.15ന് കലാമണ്ഡപത്തിൽ ചലച്ചിത്ര താരം ജയസൂര്യ ദീപം തെളിക്കും. ഉച്ചകഴിഞ്ഞ് മൂന്നിനും വൈകുന്നേരം നാലിനും സംഗീതാർച്ചന, രാത്രി ഒമ്പതിന് കൊടിപ്പുറത്ത് വിളക്ക്. ഏഴിന് രാവിലെ എട്ടിന് ശ്രീബലി, ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.15 വരെ സംഗീതക്കച്ചേരി, രാത്രി 7.30 ന് നൃത്തനൃത്ത്യങ്ങൾ. എട്ടിന് രാവിലെ എട്ടിന് ശ്രീബലി, 11 നും 12 നും സംഗീതക്കച്ചേരി, രാത്രി 9.30ന് നൃത്തനൃത്ത്യങ്ങൾ. ഒമ്പതിന് രാവിലെ എട്ടിന് ശ്രീബലി, 10.40 മുതൽ വൈകുന്നേരം 4.30 വരെ സംഗീതാർച്ചന. വൈകുന്നേരം ആറിന് പൂത്താലം വരവ്. ഏഴിന് നൃത്തനൃത്ത്യങ്ങൾ. 10ന് രാവിലെ 10.30 മുതൽ നാലു വരെ സംഗീതാർച്ചന. വൈകുന്നേരം ആറിന് പൂത്താലം വരവ്. 5.30 മുതൽ 8.30വരെ നൃത്തനൃത്ത്യങ്ങൾ, തിരുവാതിരകളി, 9.30ന് നൃത്താർച്ചന. 11ന് രാവിലെ എട്ടിന് ശ്രീബലി. ഉച്ചയ്ക്ക് ഒന്നിന് ഉത്സവബലി ദർശനം. വൈകുന്നേരം ആറിനു പൂത്താലം വരവ്. 12ന് രാവിലെ 11ന് ചലച്ചിത്രതാരം പത്മശ്രീ ജയറാമും സംഘവും അവതരിപ്പിക്കുന്ന പഞ്ചാരിമേളം. രാത്രി എട്ടിന് നൃത്തനൃത്ത്യങ്ങൾ. രാത്രി 11ന് ഋഷഭ വാഹനം എഴുന്നള്ളിപ്പ്.13ന് രാവിലെ 10.30 മുതൽ വൈകുന്നേരം നാലു വരെ സംഗീതാർച്ചന. രണ്ടിന് ഉത്സവ ബലിദർശനം.വൈകുന്നേരം അഞ്ചിന് കാഴ്ചശ്രീബലി, മേജർ സെറ്റ് പഞ്ചവാദ്യം ചോറ്റാനിക്കര വിജയൻ മാരാർ, കുനിശേരി ചന്ദ്രൻ മാരാരും 70ൽപ്പരം കലാകാരന്മാരും ചേർന്നൊരുക്കുന്ന നാദവിസ്മയം. വൈകുന്നേരം 6.30 മുതൽ രാത്രി 10.30 വരെ തിരുവാതിര കളി, നൃത്തനൃത്ത്യങ്ങൾ, തുടർന്ന് മേജർ സെറ്റ് കഥകളി. 14ന് രാവിലെ എട്ടിന് ഗജപൂജ, വൈകുന്നേരം നാലിന് ആനയൂട്ട്. ആദ്യ ആനയൂട്ട് ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ. 4.30ന് പത്മശ്രീ പെരുവനം കുട്ടൻമാരാരും സംഘവും അവതരിപ്പിക്കുന്ന മേജർ സെറ്റ് പഞ്ചാരിമേളം, രാത്രി 10 ന് കഥകളി. 15ന് ഉച്ചയ്ക്ക് ഒന്നിന് മേജർ സെറ്റ് പഞ്ചവാദ്യം ചോറ്റാനിക്കര സത്യൻ മാരാരും സംഘവും. 9.30 ന് ഭക്തിഗാനമേള. 16ന് രാവിലെ 11.40 മുതൽ വൈകുന്നേരം അഞ്ചു വരെ സംഗീതകച്ചേരി, 7.30 ചലച്ചിത്രതാരം വിനീതും സംഘവും അവതരിപ്പിക്കുന്ന ഭരതനാട്യം ശിവാഞ്ജലി, രാത്രി 10ന് മല്ലാരി ഫ്യൂഷൻ. അഷ്ടമി ദിനമായ 17ന് പുലർച്ചെ 4.30ന് അഷ്ടമി ദർശനം. വൈകുന്നേരം നാലിന് ചലച്ചിത്ര പിന്നണി ഗായിക വൈക്കം വിജയലക്ഷ്മി, ക്ഷേത്ര കലാപീഠം പ്രതിഭകൾ എന്നിവരെ ക്ഷേത്രോപദേശക സമിതിയുടെ നേതൃത്വത്തിൽ ആദരിക്കും. മന്ത്രി വി.എൻ. വാസവൻ ഉപഹാരങ്ങൾ നൽകും. ആറിന് ഹിന്ദുമത കൺവൻഷൻ ജസ്റ്റീസ് എൻ. നഗരേഷ് ഉദ്ഘാടനം ചെയ്യും. രാത്രി എട്ടിന് ഗായത്രി വീണക്കച്ചേരി, രാത്രി 11ന് ഉദയനാപുരത്തപ്പൻറെ വരവ്. പുലർച്ചെ രണ്ടിന് അഷ്ടമി വിളക്ക്, വലിയ കാണിക്ക, ഉദയനാപുരത്തപ്പൻറെ യാത്രയയപ്പ്. 18ന് ആറാട്ട്, കൂടിപ്പൂജ വിളക്ക് എന്നിവയോടെ ഉത്സവം സമാപിക്കും.



# സംസ്ഥാന സർക്കാരിന്റെ ഭരണഭാഷ: ഭാഷ നൈപുണ്യം തർജ്ജമ മത്സരങ്ങൾ സംഘടിപ്പിച്ചു

**ആലപ്പുഴ:**സംസ്ഥാന സർക്കാരിന്റെ ഭരണ ഭാഷ വാരാഘോഷത്തിന്റെ ഭാഗമായി ഭാഷ നൈപുണ്യം,തർജ്ജമ മത്സരങ്ങൾ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. ജില്ലാ ഭരണ കേന്ദ്രവും, വിവര -പൊതുജന സമ്പർക്ക വകുപ്പും ചേർന്ന സംഘടിപ്പിച്ച പരിപാടിയിൽ വിവധ വകുപ്പുകളിൽ നിന്ന് ഉദ്യോഗസ്ഥർ പങ്കെടുത്തു. വാക്കുകളുടെ തെറ്റ് തിരുത്തൽ, തർജ്ജമ, കേട്ടെഴുത്ത് തുടങ്ങിയ മത്സരങ്ങളിൽ ജീവനക്കാരുടെ ആവേശപരമായ പങ്കാളിത്തം ഉണ്ടായി.വിവര-പൊതുജന സമ്പർക്ക വകുപ്പ് ഉപ ഡയറക്ടർ ചന്ദ്രഹാസൻ വടുതല, ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ.എസ്. സുമേഷ് എന്നിവർ പങ്കെടുത്തു.



# ഗ്രാമവണ്ടി പദ്ധതി രാജ്യത്തിന് മാതൃക: മന്ത്രി ആന്റണി രാജു

**ആലപ്പുഴ:** കെ.എസ് .ആർ.ടി.സി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന ഗ്രാമവണ്ടി പദ്ധതി രാജ്യത്തിന് തന്നെ മാതൃകയാണെന്ന് ഗതാഗത മന്ത്രി ആന്റണി രാജു. ഗ്രാമവണ്ടിപദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം പത്തിയൂരിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. പത്തിയൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച ഗ്രാമവണ്ടി മന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.ഗ്രാമീണ പ്രദേശങ്ങളിലെ യാത്ര ക്ലേശങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ഗ്രാമവണ്ടി പദ്ധതിക്ക് കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ പുരസ്കാരം കഴിഞ്ഞ ദിവസം ലഭിച്ചിരുന്നു. കേന്ദ്രം ഈ പദ്ധതി മാതൃകയാക്കി രാജ്യത്ത് ഒട്ടാകെ നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്നതിനാൽ സർവീസ് നടത്തുമ്പോളുള്ള നഷ്ടം ഒഴിവാക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.ബസിന്റെ ഡീസൽ ചെലവ് മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചു നിശ്ചിത റൂട്ടിൽ സമയക്രമം അനുസരിച്ചു സർവീസ് നടത്തി ഗ്രാമങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.പത്തിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്തു നടന്ന ചടങ്ങിൽ യു. പ്രതിഭ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിപിൻ സി. ബാബു, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബുജാക്ഷി ടീച്ചർ, ജില്ലാ പഞ്ചായത്ത് അംഗം കെ.ജി. സന്തോഷ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽ.ഉഷ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മനു ചെല്ലപ്പൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം. ജനൂഷ, ബ്ലോക്ക് പഞ്ചായത്ത് അംഗം മണി വിശ്വനാഥ്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, കെ.എസ്.ആർ.ടി.സി ഡി.ടി.ഒ. വി.എം.താജുദീൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടനാട്ടിലെ യാത്ര സൗകര്യം മെച്ചപ്പെടുത്തണം: താലൂക്ക് സഭ

**ആലപ്പുഴ:** എ.സി. റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ കാരണം കുട്ടനാട്ടിലെ ജനങ്ങൾ യാത്ര സൗകര്യമില്ലാതെ ബുദ്ധിമുട്ടുന്നുവെന്നും , അമ്പലപ്പുഴ - തിരുവല്ല റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നും കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള ദൗർലഭ്യത പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് കുട്ടനാട് താലൂക്ക് വികസന സമതി യോഗം. താലൂക്ക് പരിധിയിൽ വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും പ്രതിനിധികൾ യോഗത്തിൽ ആവശ്യപ്പെട്ടു. തഹസിൽദാർ അൻവർ എസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ പഞ്ചായത്ത് അംഗം ബിനു ഐസക് രാജു , കുട്ടനാട് എം.എൽ.എ തോമസ് കെ.തോമസിന്റെ പ്രതിനിധി , വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് .എം. വിശ്വംഭരൻ , വിവിധ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ ടി.ജി.ജലജകുമാരി , ടി.കെ.തങ്കച്ചൻ , ആർ.രാജേന്ദ്രകുമാർ മിനി മന്മഥൻ .എസ്.അജയകുമാർ , താലൂക്ക് തല വകുപ്പ് മേധാവികൾ, തുടങ്ങിയവർ പങ്കെടുത്തു.

# തണ്ണീർമുക്കം പഞ്ചായത്തിൽ നിന്ന് പന്നികളെ കൊണ്ടു പോകുന്നത് നിരോധിച്ചു

**ആലപ്പുഴ:** കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ പന്നിപനി സ്ഥിരീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രതിരോധ നടപടികളുടെ ഭാഗമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 10 കിലോ മീറ്റർ ചുറ്റളവ് രോഗനിരീക്ഷണ മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. തണ്ണീർമുക്കം പഞ്ചായത്തിൽ നിന്നും പന്നികൾ, പന്നിമാംസം, പന്നികളുടെ കാഷ്ഠം, തീറ്റ എന്നിവ പുറത്തേക്ക് കൊണ്ടുപോകുന്നതിന് നിരോധനം ഏർപ്പെടുത്തികൊണ്ട് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു.ഉത്തരവ് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാ പോലീസ് മേധാവി, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ മൃഗ സംരക്ഷണ ഓഫീസർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

# കെ.എസ്.ആർ.ടി.സിയെ നിലനിർത്തുകയെന്നത് സർക്കാരിന്റെ ഉത്തരവാദിത്വം: മന്ത്രി ആന്റണി രാജു

**ആലപ്പുഴ:** എന്ത് പ്രതിസന്ധി വന്നാലും കൈവിടാതെ കെ.എസ്.ആർ.ടി.സിയെ സർക്കാർ നിലനിർത്തുമെന്നും അത് സർക്കാരിന്റെ ഉത്തരവാദിത്വമാണെന്നും ?ഗതാ?ഗത മന്ത്രി ആന്റണി രാജു. മാവേലിക്കര കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ ആരംഭിച്ച യാത്ര ഫ്യൂവൽസ് ഔട്ട്ലെറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കെ.എസ്.ആർ.ടി.സി.യെ ആധുനിക നിലവാരത്തിലേക്ക് ഉയർത്തി ലാഭത്തിലേക്ക് കൊണ്ട് വരാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായി 116 സ്വിഫ്റ്റ് ബസുകൾ നിരത്തിലിക്കി കഴിഞ്ഞു. യാത്രക്കാർക്ക് കൂടുതൽ സുഖപ്രദമായ യാത്രയും മറ്റ് സൗകര്യങ്ങളും നൽകുന്നത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. 35 ഇലക്ട്രിക് ബസുകൾ ഇതിനകം നിരത്തിൽ ഇറക്കിയിട്ടുണ്ട്. അടുത്ത മാസത്തോടെ 15 ബസുകൾ കൂടി നിരത്തിലിറക്കും- മന്ത്രി പറഞ്ഞു. ഇന്ത്യൻ ഓയിലുമായി ചേർന്ന് സംസ്ഥാനത്ത് 75 റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കാനാണ് ല?ക്ഷ്യമിടുന്നത്. ഇതിനകം 10 എണ്ണം ആരംഭിച്ചു കഴിഞ്ഞു. ആറ് മാസത്തിനകം 30 ഔട്ട്ലെറ്റുകൾ കൂടി ആരംഭിക്കും. ബസ് സ്റ്റാന്റുകളോട് ചേർന്ന് സി.എൻ.ജി, എൽ.എൻ.ജി., ഇലക്ട്രിക് ചാർജിം?ഗ് സറ്റേഷനുകളും ഭാവിയിൽ ആരംഭിക്കും. വികസന പ്രവർത്തനങ്ങൾ നടത്തുന്നതിൽ തദ്ദേശ സ്ഥാപനങ്ങളുടെ പിന്തുണ ആവശ്യമാണ്. നാടിന്റെ വികസനമാണ് പ്രധാനമെന്ന് മനസ്സിലാക്കി എല്ലാ ജനപ്രതിനിധികളും ഉദ്യോ?ഗസ്ഥരും ഉത്തരവാദിത്വത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തണം- മന്ത്രി പറഞ്ഞു.ചടങ്ങിൽ എം.എസ്. അരുൺകുമാർ എം.എൽ.എ. അധ്യക്ഷത വഹിച്ചു. കൊടിക്കുന്നിൽ സുരേഷ് എം.പി മുഖ്യാതിഥിയായി. ന?ഗരസഭാധ്യക്ഷൻ കെ.വി. ശ്രീകുമാർ ആദ്യ വിൽപന നിർവഹിച്ചു. എൻ. ബാലാജി റിപ്പോർട്ട് അവതരിപ്പിച്ചു.ന?ഗരസഭ വൈസ് ചെയർപേഴ്സൺ ലളിത രവീന്ദ്രനാഥ്, സ്റ്റാന്റിം?ഗ് കമ്മിറ്റി അധ്യക്ഷൻ മാരായ അനി വർ?ഗീസ്, ശാന്തി അജയൻ, സജീവ് പ്രായിക്കര, ഉമയമ്മ വിജയകുമാർ, എസ്. രാജേഷ്, മധ്യമേഖല എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ടി. സെബി, കെ. മധുസൂധനൻ, സി.കെ. രത്നാകരൻ, വിപിൻ ഓസ്റ്റിൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# തെരുവുനായകൾക്ക് ഷെൽട്ടർ നിർമ്മിക്കാൻ നിർദ്ദേശിച്ച് ജില്ല വികസന സമിതി യോഗം

**ആലപ്പുഴ :** ആലപ്പുഴ നഗരത്തിൽ രൂക്ഷമായ തെരുവുനായ ശല്യം പരിഹരിക്കാൻ കൃത്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ജില്ല കളക്ടർ വി.ആർ.കൃഷ്ണതേജ അധ്യക്ഷനായുള്ള ജില്ല വികസനസമിതിയോഗം തീരുമാനിച്ചു. പി പി ചിത്തരഞ്ജൻ എം.എൽ.എയാണ് യോഗത്തിൽ വിഷയം അവതരിപ്പിച്ചത്. തെരുവ് നായകൾക്കായുള്ള ഷെൽട്ടർ പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തി തുടർനടപടി സ്വീകരിക്കണമെന്ന് മൃഗ സംരക്ഷണ വകുപ്പിന് എം.എൽ.എ നിർദ്ദേശം നൽകി.

ദേശീയ പാത വികസനത്തിനായി കരാർ ഏറ്റെടുത്തിരിക്കുന്ന നിർമ്മാണ കമ്പനിയിൽ ജോലിചെയ്യുന്ന അതിഥി തൊഴിലാളികൾ വളരെ ദയനീയമായ സാഹചര്യത്തിലാണ് താമസിക്കുന്നതെന്നും അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ അടക്കമുള്ള വൃത്തിയുള്ള താമസ സൗകര്യം ഉറപ്പാക്കണമെന്നും തൊഴിൽ വകുപ്പിനോട് എം. എൽ എ ആവശ്യപ്പെട്ടു. ഹൗസ് ബോട്ടുകളുടെ പ്രവർത്തന സമയം രാവിലെ ആറുമണിമുതൽ രാത്രി 10 മണി വരെ ആക്കണമെന്നും രാത്രി സർവീസിനായി പ്രത്യേക ട്രാക്ക് തയ്യാറാക്കി പോലീസ് സുരക്ഷയോടെ സേവനം ഉറപ്പാക്കണമെന്നും അതിനുള്ള തീരുമാനം ടൂറിസം വകുപ്പ് കളക്ടറുമായി ചേർന്ന് എടുക്കണമെന്നും എംഎൽഎ പറഞ്ഞു. ഹൗസ് ബോട്ട് അസോസിയേഷനുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും കൂടിയാലോചിച്ച് തീരുമാനമെടുക്കും.

ആലപ്പുഴ ബൈപ്പാസിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം എത്രയും പെട്ടെന്ന് പരിഹരിക്കണമെന്ന് എച്ച് സലാം എം എൽഎ യോഗത്തിൽ പറഞ്ഞു. ജില്ല കോടതി പാലം, തോട്ടപ്പള്ളി നാലു ചിറപ്പാലം എന്നീ പ്രവർത്തികളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കണമെന്നും എംഎൽഎ പറഞ്ഞു. ജില്ല കോടതി പാലത്തിനായി സ്ഥലം വിട്ടുകൊടുത്തവർക്കുള്ള നഷ്ടപരിഹാരം എത്രയും വേഗം എല്ലാവർക്കും നൽകണമെന്നും നോട്ടീസ് നടപടികൾ വേഗത്തിലാക്കാനും എച്ച്.സലാം എം.എൽ.എ ആവശ്യപ്പെട്ടു. അമ്പലപ്പുഴ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ അമ്പലപ്പുഴ കുടിവെള്ള പദ്ധതി ഉദ്യോഗസ്ഥർ എത്രയും വേഗം നടപടി എടുക്കും.

## ജില്ലയിലെ കുടിവെള്ള പ്രശ്നത്തിന് അടിയന്തര പരിഹാരം കാണും

അരൂർ മണ്ഡലത്തിലെ ദേശീയപാതയോട് അടുത്ത പ്രദേശങ്ങളിൽ ശുദ്ധ ജലക്ഷാമം രൂക്ഷമാണെന്ന് ദലീമ ജോജോ എം.എൽ.എ ചൂണ്ടിക്കാട്ടി. ജപ്പാൻ കുടിവെള്ള പൈപ്പിൽ ഉണ്ടാകുന്ന ചോർച്ച കാരണം കുടിവെള്ള വിതരണം തടസ്സപ്പെടുന്നതിനാൽ തുറവൂർ താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം പോലും മുടങ്ങുന്ന സാഹചര്യമാണുള്ളതെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും എം.എൽ.എ പറഞ്ഞു. അരൂക്കുറ്റി, മനക്കോടം ഭാഗങ്ങളിലേക്ക് രാത്രി കാലങ്ങളിൽ സർവീസുകൾ ഇല്ലാത്തതിനാൽ ജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതായി എം.എൽ.എ. അറിയിച്ചു. ഈ മേഖലയിൽ മതിയായ യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിന് മോട്ടോർ വാഹന വകുപ്പും കെ.എസ്.ആർ.ടി.സിയും സാധ്യത പരിശോധിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കാൻ നടപടി കൈക്കൊള്ളണമെന്നും എം.എൽ.എ ആവശ്യപ്പെട്ടു. വേമ്പനാട്ട് കായലിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പോള നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പിനോട് ജില്ല കളക്ടർ നിർദ്ദേശിച്ചു. ജില്ലാ പ്ലാനിംഗ് ഓഫീസർ എസ്. സത്യപ്രകാശ്, വിവിധ വകുപ്പുകളുടെ ജില്ലാ മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു. ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി ജില്ലാ വികസന സമിതി യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്കായി ജില്ലാ പ്ലാനിംഗ് ഓഫീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും നടന്നു. വിജയികളായ സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ ആർ. സോമനാഥൻ, ദാരിദ്ര്യം ലഘൂകരണ വിഭാഗം പി.എ. ഒ ജി.പി ശ്രീജിത്ത് എന്നിവർക്കുള്ള സമ്മാനദാനം പി പി ചിത്തരഞ്ജൻ എംഎൽഎ നിർവഹിച്ചു.



# പക്ഷിപ്പനി: ചെറുതനയിൽ കള്ളിംഗ് തുടങ്ങി

**ആലപ്പുഴ:** ജില്ലയിൽ പക്ഷിപ്പനി ബാധിച്ച ചെറുതന ആയാപറമ്പ് പാണ്ടി പ്രദേശത്തെ പാടശേഖരങ്ങളിൽ പക്ഷികളെ കൊന്നു നശിപ്പിക്കുന്ന നടപടികൾ ആരംഭിച്ചു.6,987 താറാവുകളെയാണ് ഇന്നലെ (ശനിയാഴ്ച) കൊന്നൊടുക്കിയത്. മൂന്ന് ആർ.ആർ.റ്റികളാണ് പ്രവർത്തിച്ചത്.പി.പി.ഇ. കിറ്റ് ധരിച്ച് വെറ്റിനറി ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് കേന്ദ്ര മാനദണ്ഡ പ്രകാരമാണ് കള്ളിംഗ് നടത്തുന്നത്. പക്ഷികളെ കൊന്ന ശേഷം വിറക്, ഡീസൽ, പഞ്ചസാര എന്നിവ ഉപയോഗിച്ച് നിശ്ചിത സ്ഥലങ്ങളിൽ കത്തിച്ച് കളയുകയാണ് ചെയ്യുന്നത്. കത്തിക്കൽ പൂർത്തിയായതിന് ശേഷം പ്രത്യേക ആർ.ആർ.റ്റി സംഘമെത്തി നാളെ ( തിങ്കളാഴ്ച )സാനിറ്റേഷൻ നടപടികൾ സ്വീകരിക്കും.ജില്ല മൃഗസംരക്ഷണ ഓഫീസർ ഡോ. ഡി.എസ്. ബിന്ദു കള്ളിംഗ് ജോലികൾക്ക് നേതൃത്വം നൽകി. ഡെപ്യൂട്ടി ഡയറക്ടർ ഡോ. വിനയ് കുമാർ, ചീഫ് വെറ്റിനറി ഓഫീസർ ഡോ. സന്തോഷ്, എപ്പിഡെമിയോളജിസ്റ്റ് ഡോ. വൈശാഖ് തുടങ്ങിയവരും സ്ഥലത്തെത്തി.കള്ളിംഗ് നടപടികൾ പൂർത്തിയായതിനു ശേഷവും ഈ പ്രദേശത്ത് ആരോഗ്യ വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റയും നിരീക്ഷണം ശക്തമാക്കും.



# വിശ്വാസവും അന്ധവിശ്വാസവും വേർതിരിച്ചറിയണം - എച്ച് സലാം എം എൽ എ

**ആലപ്പുഴ :** രാജാ റാം മോഹൻ റായിയുടെ 250ആം ജന്മവാർഷികത്തോടനുബന്ധിച്ചു ജില്ലാ ലൈബ്രറി കൌൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്ത്രീശാക്തീകരണ പരിപാടികളുടെ പൊതുസമ്മേളനം എച്ച്. സലാം എം.എൽ.എ ഉദ്ഘാടനം ചെയ്തു.അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വളർന്നുവരുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോൾത്തന്നെ അതിനെതിരെ ശബ്ദമുയർത്തേണ്ടതാണ്. ഇത്തരം പ്രവണതകളെ നിസാരവത്ക്കരിക്കുന്നത് വലിയ പ്രതിസന്ധിക്ക് വഴിവെക്കും.കേരള സമൂഹത്തിലെ ഭൂരിഭാഗം ആളുകളും വിശ്യാസികളാണ്. വിശ്വാസത്തേയും അന്ധവിശ്വാസത്തെയും വേർതിരിച്ചറിഞ്ഞാൽ മാത്രമേ സമൂഹത്തിന് വളർച്ചയുണ്ടാകുവെന്ന് എം എൽ എ പറഞ്ഞു.ജില്ലയിലെ ആറു താലൂക്കുകളിലെ ലൈബ്രറി കൌൺസിലുകളുടെ നേതൃത്വത്തിൽ നഗരചത്വരത്തിൽ നിന്നും ആരംഭിച്ച റാലി പി.പി. ചിത്തരഞ്ജൻ എം.എൽ.എ.ഫ്ളാഗ് ഓഫ് ചെയ്തു.രാജാ റാംമോഹൻ റായി ലൈബ്രറി ഫൗണ്ടേഷൻ, ജില്ല ഭരണകൂടം, ആലപ്പുഴ നഗരസഭ, ജില്ല പഞ്ചായത്ത്, വിദ്യാഭ്യാസ വകുപ്പ്, കുടുംബശ്രീ, ജില്ല ഇൻഫർമേഷൻ ഓഫീസ്, സാക്ഷരതാ മിഷൻ എന്നിവർ ചേർന്നാണ് പരിപാടി ആവിഷ്കരിച്ചത്.ടൗൺ ഹാളിൽ നടന്ന പൊതു സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി അധ്യക്ഷത വഹിച്ചു. കൗൺസിലർ കവിത, സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ജി. കൃഷ്ണകുമാർ, സാക്ഷരത മിഷൻ ജില്ല കോ-ഓർഡിനേറ്റർ കെ.വി. രതീഷ്, ദീപ്തി അജയകുമാർ, കെ.കെ. സുലൈമാൻ തുടങ്ങിയവർ പങ്കെടുത്തു.



# രാജ്യത്തെ ആദ്യ സൈക്കിൾ ഡീജെയിങ് ഇന്ന്

ഇന്ത്യയിൽ ആദ്യമായി സംഘടിപ്പിക്കുന്ന സൈക്കിൾ ഡീജെയിങ് ഞായർ രാവിലെ 6.30ന് തിരുവനന്തപുരം മാനവീയം വീഥിയിൽ നടക്കും. കോവളം കേരള ആർട്ട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ ഇൻഡീ മ്യൂസിക് ഫെസ്റ്റിവലി(കകങഎ)ന്റെ പ്രചരണാർത്ഥം സംഘടിപ്പിക്കുന്ന പരിപാടിയിൽ 150-ഓളം സൈക്ലിസ്റ്റുകൾ പങ്കെടുക്കും. ക്രാഫ്റ്റ് വില്ലേജും ഇൻഡസ് സൈക്ലിങ് എംബസിയും ബിയോൺഡ് സെവനും ചേർന്ന് ഒരുക്കുന്ന പരിപാടിയിൽ ഡീജെ രാഹുലാണ് സൈക്കിളിൽ സഞ്ചരിച്ചു ഡീജെയിങ് ചെയ്യുന്നത്. ഡീജെ ഓൺ എ ബൈക്ക് എന്ന് അറിയപ്പെടുന്ന യുകെസ്വദേശി ഡോം വൈറ്റിങ് വിദേശങ്ങളിൽ പ്രചാരത്തിലാക്കിയതാണ് സൈക്കിൾ ഡീജെയിങ്. ഡിസ്ക് ജോക്കി എന്ന് അർത്ഥം വരുന്ന ഡീജെ എന്നത് റെക്കോർഡ് ചെയ്ത സംഗീതം തെരഞ്ഞെടുത്ത് പ്രത്യേക മിക്സറുകളുടെ സഹായത്തോടെ പ്രേക്ഷകരെ കേൾപ്പിക്കുന്നവരാണ്.

# വിഗ്രഹത്തിൽ മുക്കുപണ്ടം ചാർത്തി സ്വർണം മോഷ്ടിച്ച് മുങ്ങിയ പൂജാരി അറസ്റ്റിൽ



**കാസർകോട്:** ക്ഷേത്രത്തിലെ വിഗ്രഹത്തിൽനിന്ന് സ്വർണം കവർന്ന് പകരം മുക്കുപണ്ടം ചാർത്തി മുങ്ങി എന്ന പരാതിയിൽ പൂജാരിയെ മഞ്ചേശ്വരം പൊലീസ് തിരുവനന്തപുരത്ത് നിന്ന് അറസ്റ്റ് ചെയ്തു.തിരുവനന്തപുരം സ്വദേശി ദീപക്നെയാണ് എസ്.ഐ. സുമേഷ് രാജ്, സീനിയർ സിവിൽ പൊലീസ് ഓഫീസർ രാജേഷ് കുമാർ എന്നിവർ ചേർന്ന് അറസ്റ്റ് ചെയ്തത്. ഹൊസബെട്ടു ശ്രീ മംഗേഷ് ശാന്തദുർഗ ദേവസ്ഥാനം ക്ഷേത്രത്തിലെ ശ്രീകോവിലിൽ നിന്ന് അഞ്ചര പവൻ സ്വർണം കവർന്നു എന്നാണ് കേസ്. കഴിഞ്ഞ മാസം 27നാണ് ഇയാൾ പൂജാരിയായി ചുമതലയേറ്റത്. 29ന് രാത്രി ഏഴര മണിയോടെയാണ് കവർച്ച നടത്തിയതെന്ന് ക്ഷേത്രം കാവൽക്കാരൻ പൊലീസിനോട് പറഞ്ഞു.ആ ദിവസത്തെ പൂജാരിയുടെ നീക്കങ്ങളിലും സംസാരത്തിലും സംശയം തോന്നി വിഗ്രഹങ്ങളിലെ ആഭരണങ്ങൾ പരിശോധിക്കുകയായിരുന്നു. മുക്കുപണ്ടമാണെന്ന് മനസ്സിലായതോടെ പൊലീസിൽ പരാതി നൽകി. അന്വേഷണം ആരംഭിച്ച മഞ്ചേശ്വരം പോലീസ് സൈബർ സെല്ലിന്റെ സഹായത്തോടെയാണ് ദീപകിനെ തിരുവനന്തപുരത്തിന്നിന്ന് പിടികൂടിയത്.





# ആശുപത്രി ബില്ലുകൾ മാസതവണകളായി അടക്കാൻ സംവിധാനം

**കൊല്ലം:** ഉപാസന ആശുപത്രിയുടെ സുവർണജൂബിലിയോടനുബന്ധിച്ച് ആശുപത്രി ബില്ലുകൾ മാസതവണകളായി അടക്കാൻ സംവിധാനം ഏർപ്പെടുത്തുന്നു. ഉപാസന ആശുപത്രിയും ബജാജ് ഫിൻസേർവ് ഹെൽത്തും സംയുക്തമായിട്ടാണ് പദ്ധതി ജില്ലയിൽ ആദ്യമായി നടപ്പാക്കുന്നതെന്ന് ആർ.പി ഇന്ത്യ ഹെൽത്ത്കെയർ ഡയറക്ടർ ആൻഡ് സി.ഒ.ഒ ഡോ. മനോജ് വാർത്തസമ്മേളനത്തിൽ അറിയിച്ചു. ഹൃദ്രോഗവിഭാഗം, അസ്ഥിരോഗ വിഭാഗം, പ്രസവചികിത്സകൾ തുടങ്ങി അറുനൂറോളം ചികിത്സകൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താം. രോഗികൾക്ക് നേരിട്ടും ബന്ധുക്കൾ വഴിയും പ്രയോജനപ്പെടുത്താവുന്ന ഈ പദ്ധതി തികച്ചും പലിശരഹിതമാണ്. ബജാജ് ഫിൻസർവ് കാർഡ് ഉള്ളവർക്കും ഇല്ലാത്തവർക്കും യോഗ്യതയനുസരിച്ച് ഈ ആനുകൂല്യങ്ങൾ ലഭിക്കും.12000 രൂപ മുതൽ നാലുലക്ഷം രൂപ വരെയുള്ള ബില്ലടക്കാൻ ഈടൊന്നും നൽകേണ്ട ആവശ്യമില്ല. ഇ.എം.ഐ സൗകര്യം ആശുപത്രിയിൽ തുടങ്ങുന്നതോടെ ഇൻഷുറൻസ് ഇല്ലാത്തവർക്കും ആകസ്മികമായി വരുന്ന ചലവുകൾക്ക് പണം കണ്ടെത്താൻ ബുദ്ധിമുട്ടുന്നവർക്കും പദ്ധതി സഹായകമാകും. പ്രോസസിങ് ഫീസ് ഒഴികെയുള്ള ചാർജുകൾ ഉപാസനയുടെ സി.എസ്. ആർ ഫണ്ട് വഴി വഹിക്കും. കൂടുതൽ വിവരങ്ങൾക്ക് 04742762887 എന്ന നമ്പറിൽ ബന്ധപ്പെടാം.ആശുപത്രി അഡ്മിനിസ്ട്രേറ്റർ പാർവതി വർമ, ബജാജ് ഹെൽത്ത് റീജനൽ മാനേജർ സായ്പ്രസന്നൻ, ഏരിയ മാനേജർ അഖിൽ, സെയിൽസ് മാനേജർ നിഖിൽ എന്നിവരും വാർത്തസമ്മേളനത്തിൽ പങ്കെടുത്തു.



# പോക്സോ കേസ്: അധ്യാപകർക്ക് സമഗ്രപരിശീലനം നൽകും -ബാലാവകാശ കമീഷൻ

**കോട്ടയം:** പോക്സോ കേസുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അധ്യാപകർ അടക്കമുള്ളവർക്ക് സമഗ്ര പരിശീലനം നൽകുമെന്ന് സംസ്ഥാന ബാലാവകാശ കമീഷൻ അംഗം സി. വിജയകുമാർ. പോക്സോ കേസുകളുമായി ബന്ധപ്പെട്ട കർത്തവ്യനിർവഹണ ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരയാക്കപ്പെടാൻ സാധ്യതയുള്ള വിഭാഗത്തിൽപെട്ട കുട്ടികളെ തിരിച്ചറിഞ്ഞ് ഇടപെടൽ നടത്തിയാൽ കേസുകൾ കുറക്കാനാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇതിനായി ഉദ്യോഗസ്ഥരുടെയും തദ്ദേശവകുപ്പ് പ്രതിനിധികളുടെയും ടാസ്ക് ഫോഴ്സ് രൂപവത്കരിച്ച് കൃത്യമായ യോഗങ്ങൾ ചേരണം. ലഹരിക്കെതിരെയുള്ള പ്രവർത്തനം പോക്സോ കേസുകൾ കുറക്കുന്നതിന് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.ഡോക്ടർമാർ, എസ്.സി/ എസ്.ടി പ്രമോട്ടർമാർ, അധ്യാപകർ, പൊലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകും. ഇരയായ കുട്ടികൾക്ക് റിപ്പോർട്ട് ചെയ്ത് 24 മണിക്കൂറിനുള്ളിൽ ഡോക്ടർമാർ നിർബന്ധമായും വൈദ്യപരിശോധനയും ചികിത്സയും ലഭ്യമാക്കണം. പ്രശ്നങ്ങളിൽപെടുന്ന കുട്ടികളെ സ്കൂളുകളിൽനിന്ന് പുറത്താക്കുന്നതിന് പകരം അവരെ തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കമീഷൻ അംഗം പറഞ്ഞു. പോക്സോ കേസുകളിൽ ഇരകളായ കുട്ടികൾക്ക് ഇടക്കാല ആശ്വാസമായി നഷ്ടപരിഹാരവും നിയമസഹായവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. സ്കൂളുകളിൽ കുട്ടികൾക്കായി പ്രത്യേകം കൗൺസലർമാരെ നിയോഗിച്ചിട്ടുണ്ട്.സംസ്ഥാനത്ത് ഏറ്റവും കുറവ് പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തത് കോട്ടയം ജില്ലയിലാണെന്ന് യോഗം വിലയിരുത്തി. ഈ വർഷം ഒക്ടോബർ 31വരെ 171 പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്തു. കലക്ടർ ഡോ. പി.കെ. ജയശ്രീ, ജില്ല ചൈൽഡ് പ്രൊട്ടക്ഷൻ ഓഫിസർ കെ.എസ്. മല്ലിക, ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സി) ചെയർമാൻ ഡോ. അരുൺ കുര്യൻ, സി.ഡബ്ല്യു.സി അംഗം സോഫിയ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ചൈൽഡ് ലൈൻ, എൻ.ജി.ഒ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

# മനുഷ്യാവകാശ കമീഷൻ ഇടപെട്ടു: പ്രളയത്തിൽ വീടും സ്ഥലവും നഷ്ടമായ 38പേർക്ക് ആറുലക്ഷം വീതം

**തൊടുപുഴ:** 2019 ആഗസ്റ്റിലുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും വീടും സ്ഥലവും നഷ്ടപ്പെട്ട 38പേർക്ക് വീട് നിർമിക്കാനും സ്ഥലം വാങ്ങാനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ആറുലക്ഷം വീതം അനുവദിച്ചതായി സർക്കാർ സംസ്ഥാന മനുഷ്യാവകാശ കമീഷനെ അറിയിച്ചു. ഇവർക്ക് സ്ഥലം വാങ്ങിയതിനുശേഷം വീട് നിർമിക്കാനുള്ള ധനസഹായം കലക്ടറേറ്റിൽനിന്ന് നേരിട്ട് അനുവദിക്കും. 22 മാസമായി വാടകവീട്ടിൽ താമസിക്കുന്ന കട്ടപ്പന എളവപ്പാറ സ്വദേശി സുമി ഹരിയുടെ പരാതിയിൽ കമീഷൻ അധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക്കിന്റെ ഇടപെടലിനെ തുടർന്നാണ് നടപടി.ഈ വിഷയത്തിൽ കമീഷൻ ദുരന്തനിവാരണ വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. റീബിൽഡ് കേരള മൊബൈൽ ആപ്പിൽ വീടും സ്ഥലവും പൂർണമായി നഷ്ടപ്പെട്ടവർ എന്ന വിഭാഗം ലഭ്യമല്ലായിരുന്നുവെന്ന് റിപ്പോർട്ടിൽ പറയുന്നു. ഈ കാറ്റഗറിയിൽ ഉൾപ്പെടുത്തേണ്ട ഉപഭോക്താക്കളെ വീടിന് 75 ശതമാനം നാശനഷ്ടം സംഭവിച്ച വിഭാഗത്തിൽ ഉൾപ്പെടുത്തി.ഇടുക്കി, ഉടുമ്പൻചോല, ദേവികുളം, പീരുമേട്, തൊടുപുഴ താലൂക്കുകളിൽ വീടും സ്ഥലവും പൂർണമായി നഷ്ടപ്പെട്ട 38 ഗുണഭോക്താക്കളെ വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലംവാങ്ങുന്നതിന് ആറുലക്ഷം രൂപയോ ആധാരത്തിലുള്ള തുകയോ അനുവദിക്കാൻ തീരുമാനമായി. വീട് പുനർനിർമിക്കാൻ നാലുലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഗുണഭോക്താക്കളുടെ പട്ടിക ഇടുക്കി കലക്ടർ നൽകിയിട്ടുണ്ട്. പരാതിക്കാരിയായ സുമി ഹരിക്കും തുക അനുവദിച്ചതായി റിപ്പോർട്ടിൽ പറയുന്നു.




# നെല്ല് സംഭരണം വേഗത്തിൽ പൂർത്തിയാക്കും- ജില്ലാ കളക്ടർ

**ആലപ്പുഴ:** പുഞ്ച കൃഷിയുടെ കൊയ്ത്തു നടന്നു കൊണ്ടിരിക്കുന്ന പാടങ്ങളിലെ നെല്ല് സംഭരണം ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ ജില്ലാ കളക്ടർ വി.ആർ. കൃഷ്ണ തേജ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. കൈനകരി കടുകയാർ, ഇടപ്പള്ളി സോമതുറം പാടശേഖരങ്ങൾ സന്ദർശിച്ച അദ്ദേഹം പടശേഖരകമ്മറ്റിക്കാർ, കർഷകർ എന്നിവരുമായി കൂടിക്കാഴ്ച നടത്തി നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തി. ജില്ലയിൽ കൃഷിയിറക്കിയ നെല്ലിന്റെ സംഭരണം നല്ല രീതിയിലാണ് പുരോഗമിക്കുന്നതെന്ന് കളക്ടർ പറഞ്ഞു.9581.56 ഹെക്ടറിലായിലാണ് ഇത്തവണ കൃഷി ഇറക്കിയത്. 4,043.93 ഹെക്ടറിലായി 13,277.86 ടൺ നെല്ലാണ് ഇതുവരെ കൊയ്തത്. ഇതിനോടകം 13,478 കൃഷിക്കാർ നെല്ല് സംഭരണത്തിനുള്ള പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭരിച്ച മുഴുവൻ നെല്ലും മില്ലുകളിലേക്കായി ലോറിയിൽ കയറ്റിവിട്ടുകൊണ്ടിരിക്കുന്ന പ്രവർത്തി പുരോഗമിക്കുകയാണ്.പ്രിൻസിപ്പൽ കൃഷി ഓഫീസർ സിബി ടി. നീണ്ടിശ്ശേരി, പാഡി മാർക്കറ്റിംഗ് ഓഫീസർ ഡോ. ആനി മാത്യു, കർഷകർ, വിവിധ പടശേഖര കമ്മറ്റി അംഗങ്ങൾ എന്നിവരും കളക്ടറൊപ്പമുണ്ടായിരുന്നു.



# പക്ഷിപ്പനി: നഷ്ടപരിഹാരം തട്ടാൻ ലോബി

**ഹരിപ്പാട്:** പക്ഷിപ്പനിയുടെ മറവിൽ അനധികൃതമായി നഷ്ടപരിഹാരം തട്ടിയെടുക്കാൻ ലോബി പ്രവർത്തിക്കുന്നതായി ആരോപണം. താറാവ് കർഷകർ തന്നെയാണ് ആരോപണം ഉന്നയിക്കുന്നത്. പക്ഷിപ്പനിയുടെ യഥാർഥ നഷ്ടവും വ്യാപ്തിയും വസ്തുനിഷ്ഠമായി വിലയിരുത്തി വേണം അധികൃതർ നടപടി കൈക്കൊള്ളാനെന്നും അല്ലാത്തപക്ഷം പരിഹാര നടപടികൾ വൈകാൻ ഇടവരുത്തുമെന്നും ഇവർ മുന്നറിയിപ്പ് നൽകുന്നു. പള്ളിപ്പാട് പഞ്ചായത്തിലെ വഴുതാനം വടക്ക്, പടിഞ്ഞാറ് പാടശേഖരങ്ങളിലാണ് ഇക്കൊല്ലം പക്ഷിപ്പനി കണ്ടെത്തിയത്. രോഗവ്യാപനം തടയുന്നതിൻറെ ഭാഗമായി ഇവിടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള 19,694 താറാവുകളെയും 70 കോഴികളെയും അഗ്നിക്കിരയാക്കി. പക്ഷിപ്പനി ഭീതിയുടെ മറവിൽ മുൻകാലങ്ങളിൽ വൻ തട്ടിപ്പാണ് നടന്നതെന്ന് ആക്ഷേപമുണ്ട്. 2016 മുതൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യുന്നുണ്ട്. സർക്കാർ കണക്കാക്കിയതിൻറെ മൂന്നിരട്ടിലധികം പക്ഷികളെയാണ് അന്ന് കൊന്നൊടുക്കിയത്. രോഗമില്ലാത്ത പ്രദേശങ്ങളിൽനിന്ന് താറാവുകളെ രാത്രിയുടെ മറവിൽ രോഗം ബാധിച്ച സ്ഥലത്ത് എത്തിച്ചാണ് നഷ്ടപരിഹാര പട്ടികയിലാക്കി പണം തട്ടിയത്. വൻ ലോബിയാണ് ഇതിന് പിന്നിൽ പ്രവർത്തിച്ചത്.സർക്കാർ പ്രഖ്യാപിച്ച ഉയർന്ന നഷ്ടപരിഹാരമാണ് ഇവരെ ആകർഷിച്ചത്. വിപണിയിൽ 135 രൂപ വില ലഭിക്കുന്ന രണ്ടുമാസം പ്രായമുള്ള താറാവിൻ കുഞ്ഞുങ്ങൾക്ക് 200 രൂപയാണ് നഷ്ടപരിഹാരമായി ലഭിച്ചത്. വളർത്താൻ കൊടുക്കുന്നതിനെക്കാൾ കൊല്ലാൻ കൊടുക്കുന്നതാണ് ലാഭമെന്ന് വന്നതോടെ തട്ടിപ്പിന് കളമൊരുങ്ങുകയായിരുന്നു. വ്യാജകർഷകരെ സൃഷ്ടിച്ച് ലക്ഷങ്ങളാണ് പലരും തട്ടിയത്. കുറെ വർഷങ്ങളായി ഈ പ്രവണത തുടരുകയാണ്.കള്ളക്കളി മൃഗസംരക്ഷണ വകുപ്പ് അധികാരികൾക്ക് ബോധ്യപ്പെട്ടാലും അടിയന്തര സാഹചര്യമായതിനാൽ മറിച്ചൊരു തീരുമാനമെടുക്കാൻ കഴിയാതെ അവരും നിസ്സഹായരാകുന്നു. പക്ഷിപ്പനി ദുരന്തവേളയിൽ കൊന്നൊടുക്കുന്ന താറാവുകളുടെ ഇനം നോക്കിയാൽ തട്ടിപ്പ് വ്യക്തമാകും.രണ്ടുമാസമുള്ള താറാവുകളെയായിരിക്കും ഏറ്റവും കൂടുതൽ കൊന്നൊടുക്കുക. മുട്ടയിടുന്ന താറാവിനെ സുരക്ഷിതമായി മാറ്റിയശേഷം കുഞ്ഞൻ താറാവിനെയാണ് കർഷകർ കൊന്നൊടുക്കാൻ നൽകുന്നത്. വലിയ താറാവുകൾക്ക് രോഗം ബാധിച്ചാൽ പോലും അധികപേരും പുറത്തു പറയില്ല. ചെറിയവക്ക് വിപണി വിലയെക്കാൾ കൂടുതൽ നഷ്ടപരിഹാരം ലഭിക്കുകയും വലിയ താറാവുകൾക്ക് അത് ലഭിക്കാതിരിക്കുകയും ചെയ്യുന്നതാണ് കാരണം.ഈ വർഷവും ഈ പ്രവണതക്ക് മാറ്റമില്ല. സാമ്പത്തിക പ്രതിസന്ധി മൂലം ഇക്കുറി നഷ്ടപരിഹാരം ലഭിക്കുമോ എന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. ഇതുമൂലമാണ് രോഗഭീതി പലരും മുതലെടുക്കാൻ അത്രകണ്ട് ശ്രമമില്ലാത്തത്. വളർത്തൽ മാനദണ്ഡം പാലിച്ചല്ലാത്തതിനാൽ കേന്ദ്ര സഹായം കിട്ടില്ലെന്നാണ് സൂചന. ചിങ്ങത്തിൽ വിരിയിച്ച് ഇറക്കുന്ന താറാവുകൾക്കാണ് കഴിഞ്ഞ കുറെ വർഷങ്ങളായി രോഗം ബാധിക്കുന്നത്. ഈ സമയത്തുള്ള താറാവുകളുടെ ഉല്പാദനം പരീക്ഷണാടിസ്ഥാനത്തിൽ രണ്ടു വർഷത്തേക്ക് നിരോധിക്കണമെന്ന് ഒരു കൂട്ടം കർഷകർ ആവശ്യപ്പെടുന്നു.



# മെട്രോ യാത്രക്കാരെ സഹായിക്കാൻ 'മിക'

**കൊച്ചി:** മെട്രോ സ്റ്റേഷനിലെത്തുന്ന ആളുകൾക്ക് യാത്രയുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കാൻ ഒരാൾ കൂടി എത്തുന്നു. എവിടെനിന്ന് ടിക്കറ്റെടുക്കണം, ഓരോ സ്റ്റേഷനിലേക്കും ടിക്കറ്റ് ചാർജ് എത്രയാകും തുടങ്ങി വിവിധ കൗണ്ടറുകളും ലിഫ്റ്റ്, എസ്കലേറ്റർ സംവിധാനങ്ങളുമൊക്കെ പരിചയപ്പെടുത്താൻ 'മിക' എന്ന് പേരിട്ടിരിക്കുന്ന റോബോട്ടാണ് എത്തുക. അങ്കമാലി ഫിസാറ്റ് കോളജിലെ ബി.ടെക് വിദ്യാർഥികൾ കൊച്ചി മെട്രോക്ക് വേണ്ടി നിർമിച്ചതാണ് റോബോട്ട്.എറണാകുളം ഗ്രാൻഡ് ഹയാത്തിൽ നടക്കുന്ന അർബൻ മൊബിലിറ്റി ഇന്ത്യ കോൺഫറൻസിനോടനുബന്ധിച്ച എക്സിബിഷനിൽ പ്രദർശിപ്പിച്ച മികയെ കാണാൻ നിരവധിയാളുകളാണ് എത്തിയത്. മെട്രോ സ്റ്റേഷനിലെ ഏതെങ്കിലും കൗണ്ടറുകളോ മറ്റ് സംവിധാനങ്ങളോ എവിടെയാണെന്ന് ചോദിക്കുന്നവർക്ക് കൃത്യമായി മറുപടി നൽകുമെന്ന് മാത്രമല്ല, വേണ്ടിവന്നാൽ മിക്ക ഒപ്പമെത്തി സ്ഥലം കാണിച്ചുകൊടുക്കുകയും ചെയ്യും. നിലവിൽ ഒരു റോബോട്ടാണ് ഫിസാറ്റ് വിദ്യാർഥികൾ നിർമിച്ചിരിക്കുന്നത്. അഞ്ച് ലക്ഷത്തോളം രൂപ ചെലവിട്ടാണ് ഇതുവരെയുള്ള നിർമാണം. കൂടുതൽ നൂതന സംവിധാനങ്ങൾ കൂടി ഇതിൽ ഉൾപ്പെടുത്തുമെന്ന് വിദ്യാർഥി പ്രതിനിധികൾ വ്യക്തമാക്കി. ആളുകളോട് പരിചയപ്പെടുകയും ആശയവിനിമയം നടത്തുകയും ചെയ്തതോടെ എക്സിബിഷനിലെ താരമായി മാറിയിരിക്കുകയാണ് മിക. നിലവിൽ ഇംഗ്ലീഷ് ഭാഷയിലുള്ള ചോദ്യങ്ങളോട് മാത്രമെ മിക പ്രതികരിക്കുകയുള്ളൂ.



കരൂർ കിഴക്ക് കളത്തിൽ പറമ്പിൽ ശ്രീമഹാദേവ ക്ഷേത്രത്തിലെ പുതിയ ശ്രീ കോവിലിന്റെ ആധാരശിലാന്യാസത്തിന്റെ ഭാഗമായുള്ള ആചാര്യ വണക്കത്തിൽ ക്ഷേത്രം തന്ത്രി തുറവൂർ മണിക്കുട്ടൻ പൂജ നടത്തുന്നു

**അമ്പലപ്പുഴ:** കരൂർ കിഴക്ക് കളത്തിൽ പറമ്പിൽ ശ്രീമഹാദേവ ക്ഷേത്രത്തിലെ പുതിയ ശ്രീ കോവിലിന്റെ ആധാരശിലാന്യാസത്തിന്റെ ഭാഗമായുള്ള ആചാര്യ വണക്കത്തിൽ ക്ഷേത്രം തന്ത്രി തുറവൂർ മണിക്കുട്ടൻ പൂജ നടത്തുന്നു. തച്ചൻ എടയ്ക്കാട് വയൽ ജയകുമാർ, ജോസ്യൻ ശ്യാംലാൽ പരിഞ്ഞാപ്പള്ളി തുറവൂർ എന്നിവരുടെ നേതൃത്വത്തിൽ വൃത്ത ശ്രീ കോവിൽ, നമസ്കാര മണ്ഡപം, ബലിവട്ടം, ചുറ്റമ്പലം, വിളക്കുമാടം, കൊടിമരം, ആനക്കൊട്ടിൽ എന്നിവയോടാണ് പുനർനിർമ്മാണം . ക്ഷേത്രം ഭാരവാഹികളായ പരമേശ്വരൻ കുനാലിക്കൽ, ഉദയൻ പായൽ കുളങ്ങര, ചന്ദ്രൻ ചന്ദ്രത്തിൽ, രാജീവൻ രാജേഷ് ഭവനം, സുരേന്ദ്രൻ കളത്തിൽ പറമ്പ്, വി. രമണൻ ആർ.വി നിവാസ്, വിനയൻ നെടുംപറമ്പിൽ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് നിർമ്മാണം നടത്തുന്നത്.

# കോട്ടയം - ആലപ്പുഴ റൂട്ടിൽ മൂന്നു പ്രധാന റോഡുകളിൽ ഒരേസമയം തടസ്സം; ഇടപെട്ട് മന്ത്രിയും എംഎൽഎയും

**ആലപ്പുഴ :** മൂന്നു പ്രധാന റോഡുകളിൽ ഒരേസമയം നടക്കുന്ന പണികൾ കാരണം, ആലപ്പുഴ– കോട്ടയം യാത്രയിൽ ഉണ്ടാകുന്ന തടസ്സം പരിഹരിക്കാൻ മന്ത്രിയും എംഎൽഎയും കലക്ടറും ഇടപെട്ടു.പ്രശ്നത്തിൽ പൊതുമരാമത്ത് വകുപ്പു മന്ത്രിയുമായി ചർച്ച നടത്തുമെന്ന് മന്ത്രി പി. പ്രസാദ് അറിയിച്ചു. കുമരകത്ത് പാലം പൊളിച്ചു പണിയുന്നതുമായി ബന്ധപ്പെട്ട് വാഹനങ്ങൾ ഇപ്പോഴുള്ള സംവിധാനമല്ലാതെ വഴി തിരിച്ചുവിടാൻ കഴിയില്ലെന്നാണ് ബന്ധപ്പെട്ടവർ പറയുന്നത്. എസി റോഡിലെയും അമ്പലപ്പുഴ–തിരുവല്ല റോഡിലെയും തടസ്സങ്ങൾക്കു പരിഹാരം കാണാൻ മന്ത്രിതലത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെടുമെന്നു മന്ത്രി പറഞ്ഞു.എസി റോഡിലെ ഗതാഗത തടസ്സം പരമാവധി ഒഴിവാക്കാൻ നടപടിയെടുക്കുമെന്ന് തോമസ് കെ. തോമസ് എംഎൽഎ അറിയിച്ചു. തകഴി ലവൽ ക്രോസ് അറ്റകുറ്റപ്പണിക്കായി അടച്ചത് മതിയായ മുന്നറിയിപ്പില്ലാതെയാണ്. പണി നിശ്ചിത സമയത്തിനകം തീർക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റൂട്ടിൽ പകരം ഉപയോഗിക്കേണ്ട, എസി റോഡിനെയും അമ്പലപ്പുഴ–തിരുവല്ല റോഡിനെയും ബന്ധിപ്പിക്കുന്ന ചമ്പക്കുളം – തായങ്കരി – എടത്വ റോഡിന്റെ സ്ഥിതി മോശമാണ്.എസി റോഡിലെ നിയന്ത്രണത്തെ തുടർന്ന് കൂടുതൽ ഭാരവാഹനങ്ങൾ ഇതുവഴി പോകുന്നതാണ് കാരണം. ഈ റോഡിലെ കുഴികൾ അടച്ച് ഗതാഗതം സുഗമമാക്കണമെന്ന് ആവശ്യപ്പെട്ട് മരാമത്ത് മന്ത്രിക്കു കത്ത് നൽകിയതായും എംഎൽഎ അറിയിച്ചു.എസി റോഡിൽ ഗതാഗത തടസ്സം പരമാവധി ഒഴിവാക്കാനും തകഴി ലവൽ ക്രോസിലെ പണി വേഗം പൂർത്തിയാക്കി റോഡ് തുറക്കാനും നിർദ്ദേശം നൽകിയതായി കലക്ടർ വി.ആർ. കൃഷ്ണ തേജ പറഞ്ഞു. കുമരകം പാലം പൊളിച്ചു പണിയുന്നതു മൂലമുള്ള പ്രശ്നം കോട്ടയം ജില്ലയിലായതിനാൽ ഇടപെടുന്നതിൽ പരിമിതിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# അടിമാലിയിൽ ഇടിമിന്നലേറ്റ് ആറ് തൊഴിലുറപ്പ് തൊഴിലാളികൾക്ക് പരിക്ക്

**അടിമാലി:** തൊഴിലുറപ്പ് ജോലിക്കിടെ ഇടിമിന്നലേറ്റ് ആറ് തൊഴിലാളികൾക്ക് പരിക്കേറ്റു. മാങ്കുളം ചിക്കണം കുടി ആദിവാസി കോളനിയിലാണ് സംഭവം. കോളനിയിലെ ചിന്നത്തായി (38), മംഗല സ്വാമി (60 ), മല്ലിക (48 ), സുമതി (39), കല്യാണി (36), മേറ്റ് വിനീത രാജു എന്നിവർക്കാണ് പരിക്കേറ്റത്.സാരമായി പരിക്കേറ്റ ചിന്നത്തായി, മംഗല സ്വാമി, മല്ലിക എന്നിവരെ അടിമാലി താലൂക്കാശുപത്രിയിലും മറ്റുള്ളവരെ മാങ്കുളത്തും ആശുപത്രികളിൽ പ്രവേശിപ്പിച്ചു. വെള്ളിയാഴ്ച വൈകീട്ട് മൂന്ന് മണിക്കാണ് ഇടിമിന്നലിൽ ഇവർക്ക് പരിക്കേറ്റത്. രാത്രിയോടെ മാങ്കുളത്ത് എത്തിച്ചു.പിന്നീടാണ് സാരമായി പരിക്കേറ്റവരെ അടിമാലി ആശുപത്രിയിലേക്ക് മാറ്റിയത്. 34 പേരാണ് ഈ സമയം ജോലി ചെയ്തിരുന്നത്. കുടിയിലെ വേലപ്പന്റെ സ്ഥലത്തായിരുന്നു ജോലിയെടുത്തത്.






# സൗബിൻ ഷാഹിർ ചിത്രം അയൽവാശി ടൈറ്റിൽ പോസ്റ്റർ പുറത്ത്

നവാഗതനായ ഇർഷാദ് പരാരി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന അയൽവാസി എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ പുറത്തുവിട്ടു.ആഷിഖ് ഉസ്മാനും മുഹ്സിൻ പരാരിയും ചേർന്ന് നിർമ്മിച്ച ഈ ചിത്രത്തിൽ സൗബിൻ ഷാഹിർ, ബിനു പപ്പു, നിഖില വിമൽ, ലിജോമോൾ, ഷൈൻ ടോം ചാക്കോ തുടങ്ങി നിരവധി പേർ അഭിനയിക്കുന്നു.പൃഥ്വിരാജും ഇന്ദ്രജിത്തും ചിത്രത്തിൽ അഭിനയിക്കുമെന്ന് നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നിരുന്നാലും, ചിത്രത്തിൽ പുതിയൊരു കൂട്ടം അഭിനേതാക്കൾ ഉള്ളതായി ഇപ്പോൾ തോന്നുന്നു. ചിത്രം ഒരു കോമഡി ഡ്രാമയാണെന്നാണ് സൂചന. ഛായാഗ്രാഹകൻ സജിത് പുരുഷൻ, സംഗീതസംവിധായകൻ ജേക്സ് ബിജോയ്, എഡിറ്റർ സിദ്ദിഖ് ഹൈദർ എന്നിവരാണ് ചിത്രത്തിന്റെ സാങ്കേതിക സംഘത്തിലുള്ളത്. കുരുതി, ലൂസിഫർ, ആദം ജോൺ തുടങ്ങിയ ചിത്രങ്ങളിൽ ഇർഷാദ് മുമ്പ് രണ്ടാം യൂണിറ്റ് സംവിധായകനായി പ്രവർത്തിച്ചിട്ടുണ്ട്. ചിത്രത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുറത്തുവിടാനിരിക്കുകയാണ്.



# രഞ്ജിതമേ.; വിജയുടെ 'വാരിസി'ലെ ആദ്യ ലിറിക് വീഡിയോ പുറത്ത്

'ബീസ്റ്റ്' എന്ന ചിത്രത്തിന് ശേഷം ദളപതി വിജയ് നായകനാകുന്ന 'വാരിസ്' എന്ന ചിത്രത്തിലെ ആദ്യ ഗാനം പുറത്തിറങ്ങി.'രഞ്ജിതമേ' എന്ന് തുടങ്ങുന്ന ഗാനത്തിൻറെ ലിറിക് വീഡിയോ പുറത്തിറങ്ങി. വംശി പൈഡിപള്ളി സംവിധാനം ചെയ്യുന്ന ചിത്രം ജനുവരിയിൽ പൊങ്കൽ റിലീസിനൊരുങ്ങുകയാണ്. ചിത്രം തമിഴിലും തെലുങ്കിലുമായി റിലീസ് ചെയ്യും. എസ്.തമനാണ് സംഗീതസംവിധാനം നിർവഹിച്ചിരിക്കുന്നത്.'രഞ്ജിതമേ' എന്ന ഗാനം ആലപിച്ചിരിക്കുന്നത് വിജയും മാനസിയും ചേർന്നാണ്. വിജയ്, രശ്മിക മന്ദാന എന്നിവരാണ് ഗാനത്തിൽ നൃത്തം ചെയ്യുന്നത്. ലിറിക് വീഡിയോയിൽ അതിൻറെ ചില ഭാഗങ്ങളും ഉണ്ട്. വിജയുടെ സമീപകാല ചിത്രങ്ങളിൽ നിന്ന് വ്യത്യസ്തമായി വാരിസ് ഒരു ഫാമിലി എൻറർടെയ്നറാണെന്നാണ് റിപ്പോർട്ട്.




# തുന്നൽക്കാരനായി ലാൽ; 'ഡിയർ വാപ്പി' ഷൂട്ടിങ്പൂർത്തിയായി

ക്രൗൺ ഫിലിംസിന്റെ ബാനറിൽ ഷാൻ തുളസീധരൻ രചനയും സംവിധാനവും നിർവ്വഹിക്കുന്ന ഡിയർ വാപ്പി എന്ന പുതിയ ചിത്രത്തിന്റെ ഷൂട്ടിംഗ് കഴിഞ്ഞ ദിവസം പൂർത്തിയായി.ഒരു തുന്നൽക്കാരനായി എത്തുന്ന ലാലിനൊപ്പം തിങ്കളാഴ്ച നിശ്ചയം ഫെയിം അനഘ നാരായണനും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ചിത്രത്തിൽ നിരഞ്ജ് മണിയൻപിള്ള രാജു, ശ്രീരേഖ (വെയിൽ ഫെയിം), ശശി എരഞ്ഞിക്കൽ എന്നിവരും മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. കൈലാസ് മേനോൻ സംഗീതം നിർവ്വഹിക്കുന്ന ചിത്രത്തിൽ പാണ്ടികുമാർ ഛായാഗ്രഹണവും, പ്രവീൺ വർമ്മ വസ്ത്രാലങ്കാരവും നിർവഹിക്കുന്നു.ലിജോ പോൾ ചിത്രസംയോജനവും എം ആർ രാജാകൃഷ്ണൻ ശബ്ദ മിശ്രണവും അജയ് മങ്ങാട് കലാസംവിധാനവും റഷീദ് അഹമ്മദ് ചമയവും ഷിജിൻ പി രാജ് ചിത്രത്തിന്റെ നിശ്ചല ഛായാഗ്രഹണവും നിർവഹിക്കുന്നു. പ്രൊഡക്ഷൻ കൺട്രോളർ – ജാവേദ് ചെമ്പ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് – രാധാകൃഷ്ണൻ ചേലേരി, പ്രൊഡക്ഷൻ മാനേജർ – നജീർ നാസിം, സ്റ്റിൽസ് – രാഹുൽ രാജ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ – എൽസൺ എൽദോസ്, അസോസിയേറ്റ് ഡയറക്ടർ – ഡുഡു ദേവസി, സക്കീർ ഹുസൈൻ, അസിസ്റ്റന്റ് ഡയറക്ടേഴ്സ് – സുഖിൽ സാൻ, ശിവരുദ്രൻ. ചിത്രത്തിലെ ഗാനങ്ങൾക്ക് വരികൾ എഴുതിയിരിക്കുന്നത് ബി കെ ഹരിനാരായണൻ, മനു മഞ്ജിത്ത് എന്നിവരാണ്. ഒരുപാട് ആഗ്രഹങ്ങളുള്ള ടൈലർ ബഷീറിന്റെയും മോഡലായ മകൾ ആമിറയുടെയും ജീവിതയാത്രയാണ് ഡിയർ വാപ്പി എന്ന സിനിമയുടെ ഇതിവൃത്തം. തലശ്ശേരി, മാഹി, മൈസൂർ, മുംബൈ എന്നിവിടങ്ങളിലായിട്ടാണ് ഡിയർ വാപ്പി ചിത്രീകരണം പൂർത്തിയാക്കിയത്.



# ഷാരൂഖ് ഖാൻ–ആറ്റ്ലി ചിത്രം 'ജവാനെതിരെ' കോപ്പിയടി ആരോപണം

പ്രഖ്യാപന വേള മുതൽ ദക്ഷിണേന്ത്യൻ, ബോളിവുഡ് പ്രേക്ഷകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രങ്ങളിലൊന്നാണ് 'ജവാൻ'.ഷാരൂഖ് ഖാനെ കേന്ദ്രകഥാപാത്രമാക്കി ആറ്റ്ലി സംവിധാനം ചെയ്യുന്ന ചിത്രമാണ് ഇത്. നയൻതാരയാണ് ചിത്രത്തിൽ നായികയായി എത്തുന്നത്. ഇപ്പോഴിതാ ചിത്രത്തിനെതിരെ കോപ്പിയടി ആരോപണവുമായി രംഗത്തെത്തിയിരിക്കുകയാണ് ഒരു തമിഴ് സിനിമാ നിർമ്മാതാവ്.സംവിധായകൻ ആറ്റ്ലിക്കെതിരെ തമിഴ്നാട് ഫിലിം പ്രൊഡ്യൂസേഴ്സ് കൗൺസിലിനെ സമീപിച്ചിരിക്കുകയാണ് മാണിക്കം നാരായണൻ. 2006ൽ പുറത്തിറങ്ങിയ പേരരസ് എന്ന ചിത്രത്തിൻറെ കഥ ജവാൻ കോപ്പിയടിച്ചെന്നാണ് ആരോപണം. വിജയകാന്ത് പേരരസിലെ നായകനായിരുന്നു. മാണിക്കത്തിന്റെ പരാതിയിൽ തമിഴ്നാട് ഫിലിം പ്രൊഡ്യൂസേഴ്സ് കൗൺസിൽ ഈ മാസം ഏഴിന് ശേഷം അന്വേഷണം ആരംഭിക്കുമെന്ന് ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ട് ചെയ്തു.പേരരസിൽ വിജയകാന്ത് ഇരട്ടവേഷത്തിൽ ആണ് അഭിനയിച്ചത്. 'ജവാൻ' എന്ന ചിത്രത്തിൽ ഷാരൂഖ് ഖാനും ഇരട്ട വേഷത്തിൽ പ്രത്യക്ഷപ്പെടുമെന്ന് നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു. അതേസമയം, ജവാൻറെ കഥയുമായി ബന്ധപ്പെട്ട വിശദാംശങ്ങളൊന്നും നിർമ്മാതാക്കൾ വെളിപ്പെടുത്തിയിട്ടില്ല. മണിരത്നത്തിൻറെ മൗനരാഗവുമായി ആറ്റ്ലിയുടെ രാജാറാണിക്ക് സാമ്യമുണ്ടെന്ന് നേരത്തെ ആരോപണം ഉയർന്നിരുന്നു.




# ചിരഞ്ജീവി ചിത്രം ഗോഡ്ഫാദർ നെറ്റ്ഫ്ലിക്സിലേക്ക്

ചിരഞ്ജീവി, നയൻതാര, സൽമാൻ ഖാൻ എന്നിവരെ കേന്ദ്രകഥാപാത്രങ്ങളാക്കി സംവിധായകൻ മോഹൻരാജയുടെ ഗോഡ്ഫാദർ ബോക്സ് ഓഫീസ് പ്രകടനം നല്ല നിലയിൽ ആരംഭിച്ചു.മികച്ച തുടക്കം ലഭിച്ച ചിത്രം ആദ്യ ദിനം 25 കോടി കളക്ഷൻ നേടിയെന്നാണ് കണക്ക്. ചിത്രം 100 കോടിക്ക് മുകളിൽനേടി . ഇപ്പോൾ ചിത്രം നെറ്റ്ഫ്ലിക്സിൽ റിലീസ് ചെയ്യാൻ ഒരുങ്ങുകയാണ്. ഈ മാസം 19ന് ചിത്രം റിലീസ് ചെയ്യും.മലയാളത്തിലെ സൂപ്പർഹിറ്റ് ചിത്രമായ ലൂസിഫറിന്റെ ഔദ്യോഗിക തെലുങ്ക് റീമേക്കാണ് മെഗാസ്റ്റാർ ചിരഞ്ജീവിയുടെ ഗോഡ് ഫാദർ. മോഹൻലാൽ, വിവേക് ഒബ്റോയ്, മഞ്ജു വാര്യർ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച മലയാള സിനിമ. ഇന്നലെ (ഒക്ടോബർ 5) തിയേറ്ററുകളിലെത്തിയ ഗോഡ്ഫാദർ ബോക്സ് ഓഫീസ് പ്രകടനത്തിന് തുടക്കമിട്ടിരുന്നു. ട്രേഡ് റിപ്പോർട്ടുകൾ പ്രകാരം ചിത്രം ആദ്യ ദിനം 25 കോടി നേടിയെന്നാണ് കണക്കാക്കുന്നത്. ഔദ്യോഗിക കണക്കുകൾ ഇനിയും പുറത്ത് വന്നിട്ടില്ല. ഗോഡ്ഫാദറിന് പോസിറ്റീവ് റിവ്യൂ ലഭിക്കുന്നതിനാൽ ചിത്രം ബോക്സ് ഓഫീസിൽ മാന്യമായ വിജയം നേടുമെന്ന് തോന്നുന്നു




# പ്രദീപ് രംഗനാഥൻ ചിത്രം ലവ് ടുഡേ പുതിയ പോസ്റ്റർ

2019ൽ ജയം രവിയും കാജൽ അഗർവാളും പ്രധാന വേഷങ്ങളിൽ അഭിനയിച്ച കോമാളി എന്ന ചിത്രത്തിന് ശേഷം സംവിധായകൻ പ്രദീപ് രംഗനാഥൻ തന്റെ രണ്ടാമത്തെ പ്രോജക്റ്റുമായി തിരിച്ചെത്തുന്നു. നേരത്തെ എജിഎസ് 22 എന്ന് പേരിട്ടിരുന്ന ചിത്രത്തിന് ലവ് ടുഡേ എന്നാണ് പേരിട്ടിരിക്കുന്നത്. സിനിമയുടെ സെൻസറിങ് ഇപ്പോൾ പൂർത്തിയായി. ഡ/അ സർട്ടിഫിക്കറ്റുമായി പ്രദീപ് രംഗനാഥൻ ചിത്രം ലവ് ടുഡേ നവംബർ ഇന്നലെ പ്രദർശനത്തിന് എത്തി. മികച്ച പ്രതികരണം നേടി ചിത്രം മുന്നേറുകയാണ്.ചിത്രത്തിലെ രണ്ട് ഫസ്റ്റ് ലുക്ക് പോസ്റ്ററുകൾ നേരത്തെ പുറത്തിറക്കിയിരുന്നു, ഇതിലൂടെ സംവിധായകൻ ആദ്യമായി നായക വേഷം ചെയ്യുന്നു എന്ന പ്രത്യേകതയും ഉണ്ട്. പ്രദീപ് രംഗനാഥനെ കൂടാതെ ലവ് ടുഡേയിൽ നാച്ചിയാർ ഫെയിം ഇവാനയാണ് നായിക. സത്യരാജ്, രാധിക ശരത്കുമാർ, യോഗി ബാബു, ഗായികയും ബിഗ് ബോസ് തമിഴ് ഫെയിം അജിദ് ഖാലിക്ക് എന്നിവരും പ്രധാന വേഷങ്ങളിൽ എത്തുന്നു.




# ഫിക്സഡ് ഡെപോസിറ്റിന് പലിശ കുത്തനെ കൂട്ടി ആക്സിസ് ബാങ്ക്

**ന്യൂഡൽഹി** : ഇന്ത്യയിലെ മുൻനിര സ്വകാര്യ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക് 2 കോടിയിൽ താഴെയുള്ള സ്ഥിര നിക്ഷേപങ്ങളുടെ പലിശ നിരക്ക് വർദ്ധിപ്പിച്ചു.പുതുക്കിയ നിരക്കുകൾ 2022 നവംബർ 5 മുതൽ തെയത് ഇന്ന് മുതൽ നിലവിൽ വരും. 46 ദിവസം മുതൽ 10 വർഷം വരെ കാലാവധിയുള്ള നിക്ഷേപങ്ങളുടെ പലിശ നിരക്ക് 115 ബിപിഎസ് വരെ ബാങ്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരാഴ്ച മുതൽ 10 വർഷം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് സാധരണ നിക്ഷേപകർക്ക് ആക്സിസ് ബാങ്ക് ഇപ്പോൾ 3.50 ശതാമാനം മുതൽ 6.50 ശതമാനം വരെ നൽകുന്നു.പുതുക്കിയ പലിശ നിരക്കുകൾ അറിയാംഒരാഴ്ച മുതൽ ഒന്നര മാസം വരെയുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് 3.50 ശതമാനം പലിശ നിരക്ക് നൽകുന്നത് തുടരും, എന്നാൽ ഒന്നര മാസം മുതൽ രണ്ട് മാസം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് ബാങ്ക് 3.50 ശതമാനത്തിൽ നിന്ന് 50 ബിപിഎസ് വർദ്ധിപ്പിച്ച് പലിശ നിരക്ക് 4 ശതമാനമാക്കി. രണ്ട് മാസം മുതൽ മൂന്ന് മാസം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് ഇപ്പോൾ 4.50 ശതമാനം പലിശ നിരക്ക് ലഭിക്കും. , 3 മാസം മുതൽ 6 മാസം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് ഇപ്പോൾ 4.50 ശതമാനം പലിശ ലഭിക്കും ഒരു വർഷം മുതൽ രണ്ട് വർഷവും മൂന്ന് മാസവും കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് ഇപ്പോൾ 7 ശതമാനം പലിശ ലഭിക്കും. നേരത്തെ നിരക്ക് 6.10 ശതമാനമായിരുന്നു. 90 ബേസിസ് പോയിന്റ് വർദ്ധനവാണ് വരുത്തിയത്. 15 മാസം മുതൽ 18 മാസം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് നേരത്തെ ഉണ്ടായിരുന്ന 7 ശതമാനം പലിശ ലഭിക്കും. 2 വർഷം മുതൽ 3 വർഷം വരെ കാലാവധിയുള്ളവയ്ക്ക് ഇപ്പോൾ 7.05 ശതമാനം പലിശ ലഭിക്കും. നേരത്തെ ഇത് 6.20 ശതമാനം ആയിരുന്നു..മുതിർന്ന പൗരന്മാർക്കുള്ള നിരക്കുകൾ.ആറ് മാസം മുതൽ പത്ത് വർഷം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് ആക്സിസ് ബാങ്ക് പ്രായമായ ഉപഭോക്താക്കൾക്ക് അധിക പലിശ നിരക്ക് ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നു. ആക്സിസ് ബാങ്ക് ഇപ്പോൾ മുതിർന്ന പൗരന്മാർക്ക് 5.50 ശതമാനം മുതൽ 7.25 ശതമാനം വരെ പലിശ നൽകുന്നു.



# സലൂൺ ബിസിനസിലേക്ക് മുകേഷ് അംബാനി

ശതകോടീശ്വരൻ മുകേഷ് അംബാനിയുടെ നേതൃത്വത്തിലുള്ള റിലയൻസ് ഇൻഡസ്ട്രീസിന്റെ യൂണിറ്റായ റിലയൻസ് റീട്ടെയിൽ സലൂൺ ബിസിനസിലേക്ക് ചുവടുവെക്കുന്നു.നാച്ചുറൽസ് സലൂണിന്റെ 49 ശതമാനത്തോളം ഓഹരികളായിരിക്കും റിലയൻസ് റീട്ടെയിൽ സ്വന്തമാക്കുക. ഓഹരികൾ വാങ്ങാനുള്ള നടപടി ക്രമങ്ങൾ അവസാന ഘട്ടത്തിലാണെന്നാണ് റിപ്പോർട്ട്.റിലയൻസുമായി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ് എന്നും ഓഹരി വില്പന പുതിയ ഘട്ടത്തിലേക്ക് കടന്നു എന്നും നാച്ചുറൽസിന്റെ ചീഫ് എക്സിക്യൂട്ടീവ് സികെ കുമാരവേൽ പറഞ്ഞു. എന്നാൽ എത്ര രൂപയ്ക്കാണ് റിലയൻസ് റീടൈൽ നാച്ചുറൽസിന്റെ ഓഹരികൾ ഏറ്റെടുക്കുക എന്നുള്ളത് ഇതുവരെ ഇരു കമ്ബനികളും വ്യക്തമാക്കിയിട്ടില്ല. ഇടപാട് മൂല്യത്തെ കുറിച്ച് നാച്ചുറൽസും റിലയൻസും ഇതുവരെ പ്രതികരിച്ചിട്ടില്ല. ചെന്നൈ ആസ്ഥാനമായുള്ള നാച്ചുറൽസ് 2000 ത്തിലാണ് സ്ഥാപിതമായത്. ഇന്ത്യയിലുടനീളം നിലവിൽ ഓളം ഔട്ട്ലെറ്റുകൾ ഉണ്ട്. 2025-ഓടെ 3,000 സലൂണുകൾ ആരംഭിക്കാനാണ് നാച്ചുറൽസ് ലക്ഷ്യമിടുന്നത്. കോവിഡ് മഹാമാരി പടർന്നു പിടിച്ചപ്പോൾ ഏറ്റവും കൂടുതൽ ബാധിച്ച ബിസിനസ്സുകളിൽ ഒന്നാണ് സലൂൺ ബിസിനസ്. വ്യവസായ തകർച്ചയെ തുടർന്ന് നാച്ചുറൽസിന്റെ സിഇഒ കുമാരവേൽ 2020 മെയ് മാസത്തിൽ സർക്കാരിന്റെ സഹായം തേടുകയും ചെയ്തിരുന്നു. എന്നാൽ കോവിഡ് ഭീതിക്ക് ശേഷം സലൂൺ വ്യവസായം പഴയ പ്രതാപത്തിലേക്ക് തിരിച്ചുവന്നു. നിലവിൽ വൻ വളർച്ചയാണ് രേഖപ്പെടുത്തുന്നത്.സലൂൺ, ബ്യൂട്ടി വ്യവസായത്തിലേക്ക് പരീക്ഷണം നടത്താൻ എത്തുന്ന റിലയൻസ്, ഈ മേഖലയിലെ വമ്ബന്മാരായ ഹിന്ദുസ്ഥാൻ യുണിലിവറിന്റെ ലാക്മെയുമായും എന്റിച്ച്, ഗീതാഞ്ജലി എന്നിവ ഉൾപ്പെടെയുള്ള പ്രാദേശിക ബ്രാൻഡുകളുമായും നേരിട്ടുള്ള മത്സരത്തിനാണ് ഒരുങ്ങുന്നത്. റിലയൻസിന്റെ സൗന്ദര്യ വർദ്ധക ഉത്പന്നങ്ങൾ വിപണിയിൽ എത്തുന്നതോടെ ഈ മേഖലയിൽ കടുത്ത മത്സരമാകും നടക്കുക എന്നാണ് റിപ്പോർട്ട്.




# യാത്രക്കാർ കൂടിയിട്ടും ഇൻഡിഗോയുടെ നഷ്ടം വർദ്ധിച്ചു

ഇൻഡിഗോ വിമാനക്കമ്ബനിയായ ഇൻറർഗ്ലോബ് ഏവിയേഷൻ ലിമിറ്റഡ് 2022-23 ലെ ജൂലൈ-സെപ്റ്റംബർ കാലയളവിൽ 1,583.33 കോടി രൂപയുടെ നഷ്ടം രേഖപ്പെടുത്തി.കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 1,435.65 കോടി രൂപയുടെ നഷ്ടമാണ് ഇൻഡിഗോ രേഖപ്പെടുത്തിയത്. 2022-23 ലെ ആദ്യ പാദവുമായി താരതമ്യപ്പെടുത്തുമ്ബോൾ കമ്ബനിയുടെ നഷ്ടം 519.1 കോടി രൂപയായി ഉയർന്നു.അതേസമയം, ഇൻഡിഗോയുടെ വരുമാനം മുൻ വർഷത്തെ അപേക്ഷിച്ച് 122 ശതമാനം ഉയർന്ന് 12,497.58 കോടി രൂപയായി. ഇന്ധന വില 1989.4 കോടി രൂപയിൽ നിന്ന് 6,257.9 കോടി രൂപയായി ഉയർന്നു. ഒരു വർഷം കൊണ്ട് 4,268.5 കോടി രൂപയുടെ വർദ്ധനവാണ് ഇന്ധനച്ചെലവിൽ ഉണ്ടായിരിക്കുന്നത്. ഇന്ധന വിലയിലെ വർദ്ധനവും രൂപയുടെ മൂല്യത്തകർച്ചയും കമ്ബനിക്ക് തിരിച്ചടിയായി.ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ ഇൻഡിഗോ 19.7 ദശലക്ഷം യാത്രക്കാരെ വഹിച്ചു. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ 11 ദശലക്ഷം യാത്രക്കാരാണ് ഉണ്ടായിരുന്നത്. അടുത്ത പാദത്തിൽ യാത്രക്കാരുടെ എണ്ണത്തിൽ 25 ശതമാനം വർദ്ധനവുണ്ടാകുമെന്നാണ് കമ്ബനി പ്രതീക്ഷിക്കുന്നത്. ഇൻഡിഗോ ഇന്ത്യയിലെ 74 ലക്ഷ്യസ്ഥാനങ്ങളിലേക്കും അന്താരാഷ്ട്ര തലത്തിൽ 26 ലക്ഷ്യസ്ഥാനങ്ങളിലേക്കും സർവീസ് നടത്തുന്നുണ്ട്. ആകെ 279 വിമാനങ്ങളാണ് ഇൻഡിഗോയ്ക്കുള്ളത്. നിലവിൽ 1,800 രൂപയാണ് ഇൻഡിഗോ ഓഹരികളുടെ വില. കഴിഞ്ഞ ഒരു വർഷത്തിനിടെ ഇൻഡിഗോയുടെ ഓഹരികൾ 16.74 ശതമാനം ഇടിഞ്ഞു.




# ബൈജൂസിൻറെ ബ്രാൻഡ് അംബാസഡറായി മെസി

**കൊച്ചി**: മുൻനിര എഡ്ടെക് കമ്ബനിയായ ബൈജൂസ് തങ്ങളുടെ എല്ലാവർക്കും വിദ്യാഭ്യാസം എന്ന സാമൂഹിക പ്രതിബദ്ധത പദ്ധതിയുടെ ആഗോള ബ്രാൻഡ് അംബാസഡറായി ഫുട്ബോൾ താരം ലയണൽ മെസിയെ പ്രഖ്യാപിച്ചു.ഇതു സംബന്ധിച്ചു ബൈജൂസുമായി മെസി കരാറിൽ ഒപ്പുവച്ചു.ഖത്തറിൽ നടക്കുന്ന ഫിഫ ലോകകപ്പിൻറെ സ്പോൺസറായി ബൈജൂസും ഉണ്ട്.



# ട്വിറ്റർ ജീവനക്കാരെ പിരിച്ചുവിടുന്നതിൽ വിശദീകരണവുമായി മസ്ക്

ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ജീവനക്കാരെ പിരിച്ചവിടുന്നതിൽ ന്യായീകരണവുമായി ടിറ്റർ മേധാവി ഇലോൺ മസ്ക്.മില്ല്യൺ കണക്കിന് ഡോളർ പ്രതിദിന നഷ്ടമുണ്ടാക്കുന്ന സാഹചര്യത്തിൽ ഇതല്ലാതെ മറ്റു വഴികളില്ലെന്ന് മസ്ക് പറഞ്ഞു.ഈ സാമ്ബത്തിക വർഷത്തിൽ ജൂൺ 30ന് അവസാനിച്ച രണ്ടാം പാദത്തിൽ 2,200കോടി രൂപയുടെ നഷ്ടമാണ് കമ്ബനിക്ക് ഉണ്ടായിരിക്കുന്നത്. 'പ്രതിദിനം നാല് മില്ല്യൺ ഡോളറിന്റെ നഷ്ടമുണ്ടാകുമ്ബോൾ നിർഭാഗ്യവശാൽ മറ്റു വഴികളില്ല'-മസ്ക് ടിറ്ററിൽ കുറിച്ചു.പുറത്തുപോകുന്ന എല്ലാവർക്കും മൂന്നു മാസത്തെ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇത് നിയമപരമായി നൽകുന്നതിനെക്കാളും 50 ശതമാനം കൂടുതലാണ്'-മസ്ക് പറഞ്ഞു.മസ്ക് ടിറ്റർ വാങ്ങിയതിന് ശേഷം, നൂറുകണക്കിന് ജീവനക്കാർക്കാണ് പിരിഞ്ഞുപോകാൻ നോട്ടീസ് നൽകിയത്. വെള്ളിയാഴ്ച 9മണിക്ക് പിരിച്ചുവിടുന്ന ജീവനക്കാരെ വിവരമറിയിക്കും എന്ന് ടിറ്റർ അറിയിച്ചിരുന്നു. എന്നാൽ എത്രപേർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് കമ്ബനി വ്യക്തമാക്കിയിട്ടില്ല.വെള്ളിയാഴ്ചയോടെ, തങ്ങൾക്ക് 'വർക്ക് ഐഡി' നഷ്ടപ്പെട്ടതായി ചില ജീവനക്കാർ ടിറ്റ് ചെയ്തിരുന്നു. ഇന്ത്യയിലെ 200ഓളം ജീവനക്കാരിൽ ഭൂരിഭാഗം പേരെയും ടിറ്റർ പിരിച്ചുവിട്ടു. എഞ്ചിനീയറിങ്, സെയിൽസ്, മാർക്കറ്റിങ്, കമ്മ്യൂണിക്കേഷൻ വിഭാഗങ്ങളിൽ ഉള്ളവർക്കാണ് ഭൂരിഭാഗവും ജോലി നഷ്ടപ്പെട്ടിരിക്കുന്നത്.ഇന്ത്യയിൽ പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകിയോ എന്നതിലും വ്യക്തത വന്നിട്ടില്ല. ഇന്ത്യയിലെ മാർക്കറ്റിങ്, കമ്മ്യൂണിക്കേഷൻ വിഭാഗങ്ങൾ മുഴുവനായി പിരിച്ചുവിടപ്പെട്ടു എന്നാണ് സൂചന.ടിറ്റർ പ്രതിസന്ധിക്ക് കാരണം ആക്ടിവിസ്റ്റുകളാണെന്ന് കഴിഞ്ഞദിവസം മസ്ക് ആരോപിച്ചിരുന്നു. ടിറ്ററിൽ നിന്ന് പരസ്യക്കാർ പിൻവലിഞ്ഞതിന് കാരണം, മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെ ഇടപെടൽ ആണെന്നാണ് മസ്ക് ആരോപിക്കുന്നത്.



# ലോകകപ്പ്; ആതിഥേയർ പുറത്തേക്ക്; ഇംഗ്ലണ്ട് സെമിയിൽ

**സിഡ്നി:** ടൺറി20 ലോകകപ്പിൽ സൂപ്പർ 12ലെ നിർണായക മത്സരത്തിൽ ശ്രീലങ്കയെ നാലു വിക്കറ്റിന് കീഴടക്കി ഇംഗ്ലണ്ട് സെമിയിൽ. ഇതോടെ മുൻ ചാമ്പ്യന്മാരും ആതിഥേയരുമായ ആസ്ട്രേലിയ സെമി കാണാതെ പുറത്തായി.ലങ്ക കുറിച്ച 142 റൺസ് വിജയലക്ഷ്യം ഇംഗ്ലണ്ട് രണ്ടു പന്തുകൾ ബാക്കിനിൽക്കെ മറികടന്നു. സ്കോർബോർഡ്. ശ്രീലങ്ക -20 ഓവറിൽ എട്ടു വിക്കറ്റ് നഷ്ടത്തിൽ 141. ഇംഗ്ലണ്ട് -19.4 ഓവറിൽ ആറു വിക്കറ്റ് നഷ്ടത്തിൽ 144. ബെൻ സ്റ്റോക്സിൻറെ അപരാജിത ഇന്നിങ്സാണ് (36 പന്തിൽ 42) ഇംഗ്ലണ്ടിനെ വിജയത്തിലെത്തിച്ചത്. ഓപ്പണർമാരായ ജോസ് ബട്ലറും ഹെയിൽസും ടീമിന് മികച്ച തുടക്കം നൽകി. ഇരുവരും ഒന്നാം വിക്കറ്റിൽ 75 റൺസിൻറെ കൂട്ടുകെട്ടുണ്ടാക്കി. ബട്ലർ 23 പന്തിൽ 28 റൺസെടുത്തു. ഹെയിൽസ് 47 റൺസുമായി മടങ്ങി. പിന്നാലെ വന്നവരെല്ലാം വേഗത്തിൽ വിക്കറ്റ് നഷ്ടപ്പെടുത്തിയെങ്കിലും ഒരു വശത്ത് സ്റ്റോക്സ് പിടിച്ചുനിന്നു. ലങ്കക്കായി ലഹിരു കുമാര, വാനിന്ദു ഹസരംഗ, ധനഞ്ജയ ഡി സിൽവ എന്നിവർ രണ്ടു വിക്കറ്റ് വീതം നേടി. നേരത്തെ, ടോസ് നേടിയ ശ്രീലങ്ക ബാറ്റിങ് തെരഞ്ഞെടുക്കുകയായിരുന്നു. ഓപ്പണർ പതും നിസാൻകയുടെ പ്രകടനമാണ് ശ്രീലങ്കക്ക് ഭേദപ്പെട്ട സ്കോർ സമ്മാനിച്ചത്. താരം 45 പന്തിൽ 67 റൺസെടുത്തു.സ്കോർ 36ൽ നിൽക്കെ കുശാൽ മെൻഡിസ് പുറത്തായി. പിന്നീടെത്തിയ ധനഞ്ജയുമൊത്ത് നിസാൻക സ്കോർ ഉയർത്തി. 72ൽ എത്തിനിൽക്കെ ധനഞ്ജയയും പുറത്തായി. പിന്നീടെത്തിയ രജപക്സ ഒഴികെയുള്ള ബാറ്റർമാരെല്ലാം രണ്ടക്കം കാണാതെ പുറത്തായതോടെ ശ്രീലങ്ക 141ൽ ഒതുങ്ങി. ഗ്രൂപ് ഒന്നിൽനിന്ന് ന്യൂസിലാൻഡ് നേരത്തെ സെമി ഉറപ്പാക്കിയിരുന്നു. ന്യൂസിലാൻഡ്, ഇംഗ്ലണ്ട്, ആസ്ട്രേലിയ ടീമുകൾ ഗ്രൂപ്പിൽ ഏഴു പോയിൻറുണ്ട്. റൺറേറ്റിൻറെ അടിസ്ഥാനത്തിലാണ് കീവീസും ഇംഗ്ലണ്ടും സെമിയിലെത്തിയത്.



# ഹിലോ ഓപൺ: മലയാളി താരം ട്രീസയുൾപ്പെട്ട സഖ്യം സെമിയിൽ

**ലണ്ടൻ:** ഹിലോ ഓപൺ ബാഡ്മിന്റണിൽ മുൻ ലോക ഒന്നാം നമ്പർ കിഡംബി ശ്രീകാന്തിനൊപ്പം ട്രീസ ജോളി- ഗായത്രി ഗോപിചന്ദ് സഖ്യവും സെമിയിൽ. ചൈനീസ് തായ്പെയ് താരങ്ങളായ സുയാ ചിങ്- ലിൻ വാൻ ചിങ് സഖ്യത്തെയാണ് 21-17, 18-21, 21-8ന് മറികടന്നത്. ആദ്യ സെറ്റ് പിടിച്ച ട്രീസ-ഗായത്രി സഖ്യത്തെ അടുത്ത സെറ്റിൽ തായ്പെയ് ടീം വീഴ്ത്തിയെങ്കിലും നിർണായകമായ മൂന്നാം സെറ്റിൽ ഇന്ത്യൻ സംഘം ആധികാരികമായി കളി പിടിക്കുകയായിരുന്നു.എട്ടാം സീഡായ തായ്ലൻഡിന്റെ ബെന്യാപ എയിംസാർഡ്- നുന്റാകാൺ എയിംസാർഡ് ജോഡികൾക്കെതിരെയാകും ട്രീസ- ഗായത്രി സഖ്യം അടുത്ത റൗണ്ടിൽ റാക്കറ്റേന്തുക.നിലവിലെ ലോക എട്ടാം നമ്പറുകാരായ ഇന്ത്യയുടെ ചിരാഗ് ഷെട്ടി- സാത്വിക് സായ്രാജ് രങ്കിറെഡ്ഡി സഖ്യം ക്വാർട്ടറിൽ തോറ്റു പുറത്തായി. ഇംഗ്ലണ്ടിന്റെ ബെൻ ലെയിൻ- സീൻ വെൻഡി കൂട്ടുകെട്ടിനോടായിരുന്നു തോൽവി.നേരിട്ടുള്ള സെറ്റുകളിൽ ജയിച്ച് സെമിയിലെത്തിയ ശ്രീകാന്തിന് അവസാന നാലിൽ ഇന്തോനേഷ്യയുടെ കരുത്തനായ ആന്റണി ജിന്റിങ്ങാണ് എതിരാളി. ഹിലോ ഓപൺ ക്വാർട്ടറിൽ ഇത്തവണ സിംഗിൾസിലും ഡബ്ൾസിലുമായി നാല് കളികളിൽ ഇന്ത്യൻ സാന്നിധ്യമുണ്ടായിരുന്നു. രണ്ണെണ്ണത്തിൽ തോൽവി പിണഞ്ഞപ്പോൾ പുരുഷ സിംഗിൾസിലും വനിത ഡബ്ൾസിലും ഇന്ത്യൻ സാന്നിധ്യം അവശേഷിക്കുന്നുണ്ട്.



# മുംബൈ മലയാളിക്ക് ഗിന്നസ് വേൾഡ് റെക്കോഡ്

ഗിന്നസ് വേൾഡ് റെക്കോഡ് സ്വന്തമാക്കി മുംബൈ മലയാളി. 45 കിലോമീറ്റർ വീതം തുടർച്ചയായി 61 ദിവസം കൊണ്ടാണ് 28 കാരനായ വിശാഖ് ഗിന്നസ് ബുക്കിലേക്ക് ഓടിക്കയറിയത്.ആരുടെയും പിന്തുണയില്ലാതെ സ്വന്തം പരിശ്രമത്തിലാണ് വിശാഖ് കൃഷ്ണസ്വാമി പിള്ള ലോക റെക്കോർഡ് തന്റെ പേരിനോടൊപ്പം ചേർത്ത് വയ്ക്കുന്നത്. ഡോംബിവിലി ഈസ്റ്റിലെ സ്റ്റാർ കോളനിയിൽ താമസക്കാരനായ വിശാഖ് പിള്ള തിരുവനന്തപുരം പേട്ട സ്വദേശി പരേതനായ കൃഷ്ണസ്വാമി പിള്ളയുടെയും വിജയലക്ഷ്മിയുടെയും രണ്ടുമക്കളിൽ ഇളയവനാണ്.ഏഴു വർഷം മുൻപ് തുടങ്ങിയ ഓട്ടമാണ് വിശാഖിനെ ലോകത്തിന്റെ നെറുകയിലെത്തിക്കുന്നത്. ഡോംബിവിലിയിലെ മഹാരാജ് സ്പോർട്സ് കോംപ്ലക്സിലെ ജോഗിങ് ട്രാക്കിൽ സെപ്റ്റംബർ ഒന്നു മുതലാണ് വിശാഖ് ഓടാൻ തുടങ്ങിയത്. ഇതിനുമുമ്ബ് 60 ദിവസം ഓടിയ പുണെ സ്വദേശിയുടെ റെക്കോഡാണ് വിശാഖ് പിള്ള തകർത്തത്.പ്രത്യേക പരിശീലനം ഇല്ലാതെയാണ് വിശാഖ് സ്വന്തം പരിശ്രമത്തിൽ ലോക റെക്കോർഡ് തന്റെ പേരിനോടൊപ്പം ചേർത്ത് വയ്ക്കുന്നത്. ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് തന്റെ ഓട്ടത്തിന്റെ കണക്ക് അടയാളപ്പെടുത്തുകയും ചെയ്തു. തെളിവിനായി ദൃക്സാക്ഷിയുമുണ്ടായിരുന്നു. വെളുപ്പിന് നാല് മണി മുതൽ ദിവസേന അഞ്ചു മണിക്കൂറിലധികമാണ് വിശാഖ് പരിശീലനം നടത്തുന്നത്. ഭക്ഷണക്രമങ്ങളും മറ്റും പാലിക്കുവാൻ വേണ്ടി വരുന്ന അധിക ചിലവെല്ലാം സ്വയം വഹിച്ചാണ് ഈ മലയാളി യുവാവ് ചരിത്രത്തിൽ ഇടം നേടിയത്.




# ഫുട്ബാളിലെ ഈ സൂപർ താരങ്ങൾ 100 മീറ്റർ മത്സരിച്ചാൽ ആരാകും ജേതാവ്?

**ലണ്ടൻ:** എതിർഗോൾമുഖങ്ങളിൽ മിന്നായം പോലെയെത്തി ഗോളിയെ നിഷ്പ്രഭരാക്കി വലക്കണ്ണികൾ കുലുക്കി തിരിച്ചുപോകുന്ന താരങ്ങളാണ് എന്നും ഫുട്ബാളിന്റെ ഒന്നാം ആകർഷണം. അതിവേഗമാണ് പലപ്പോഴും അവർക്ക് ഏറ്റവും വലിയ ആയുധം. കാലുകളിലെ മാന്ത്രികത കൂടി ചേരുമ്പോൾ എതിരാളികളുടെ എല്ലാ പ്രതിരോധവും തരിപ്പണമാകും. ഗോളുകളനവധി പിറവിയെടുക്കും. ഇത്തരക്കാരായി ഏതു തലമുറയിലുമുണ്ട് താരരാജാക്കന്മാർ. ഇവരാണ് കളിയെ കൂടുതൽ ജനകീയമാക്കി നിർത്തുന്നത്.ഇപ്പോഴും കളംഭരിക്കുന്നവരും നേരത്തെ കളി നിർത്തിയവരുമായ ഒമ്പതു പ്രമുഖരെ നിർത്തി ഇവരുടെ വേഗമളക്കാൻ ഓട്ടമത്സരം നടത്തിയാലോ എന്ന ചിന്ത പങ്കുവെക്കുകയാണ് ഫുട്ബാൾ ഉന്നത തല സമിതിയായ ഫിഫ. ഒമ്പതു പ്രമുഖ താരങ്ങൾ തമ്മിൽ 100 മീറ്റർ ഓട്ടമത്സരം സംഘടിപ്പിച്ചാൽ ആരാകും ഇവരിൽ ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുകയെന്നാണ് ചോദ്യം.



# ഷൂമാക്കറെ ലോകചാമ്പ്യനാക്കിയ ഫെറാരി ലേലത്തിന്; 700 കോടിയിലേറെ ലഭിക്കുമെന്ന് പ്രതീക്ഷ

**ലണ്ടൻ:** 2003 ലോക ചാമ്പ്യൻഷിപ്പ് കിരീടത്തിലേക്ക് ഫോർമുല വൺ ഇതിഹാസം മൈക്കൽ ഷൂമാക്കർ കാറോടിച്ചുകയറിയ ഫെറാരി ലേലത്തിന്. പ്രമുഖ ലേലക്കമ്പനിയായ സോത്ബീസ് ആണ് ജനീവയിൽ വരുംദിവസം ലേലത്തിൽ വെക്കുന്നത്. 76 ലക്ഷം മുതൽ 96 ലക്ഷം വരെ ഡോളർ എങ്കിലും കാറിന് ലഭിക്കുമെന്നാണ് കണക്കുകൂട്ടൽ. എഫ്2003-ജി.എ, ചാസി 229 കാർ ഫോർമുല വൺ കാറോട്ട ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ടവയിലൊന്നാണെന്ന് ലേലം ചെയ്യുന്ന കമ്പനി പറഞ്ഞു.ഒമ്പതു തവണ ഷൂമാക്കർ ഈ കാറിൽ മത്സരിച്ചതിൽ അഞ്ചു തവണയും ജേതാവായിരുന്നു. ഒടുവിൽ ജപ്പാനിൽ ലോകചാമ്പ്യനായപ്പോഴും വളയം പിടിച്ചത് ഈ കാറിന്റെയായിരുന്നു.ഫെറാരി കമ്പനി നിർമിച്ച മത്സരക്കാറുകളിൽ ഏറ്റവും കൂടുതൽ വിജയം ചൂടിയത് കൂടിയാണിത്. റോറി ബയൺ, റോസ് ബ്രോൺ എന്നിവർ ചേർന്നാണ് ഡിസൈനിങ് നിർവഹിച്ചത്.2003 സീസണിലെ അഞ്ചാം മത്സരമായ സ്പാനിഷ് ഗ്രാൻപ്രീയിലാണ് കാർ വാങ്ങിയിരുന്നു. സ്പെയിനിൽ ജയിച്ചതിനു പുറമെ ഓസ്ട്രിയ, കാനഡ, ഇറ്റലി, യു.എസ് ഗ്രാൻപ്രീകളിലും ഒന്നാമതായി. 2017ലാണ് മുമ്പ് സമാനമായൊരു ഫോർമുല വൺ കാർ ലേലത്തിൽ വെച്ചിരുന്നത്. 35 ലക്ഷം ഡോളർ ലഭിക്കുമെന്ന് കരുതിയ കാർ ഒടുവിൽ വിറ്റു പോയത് 75 ലക്ഷം ഡോളറിനാണ്. യു.എസ് പൗരനാണ് അന്ന് കാർ വാങ്ങിയിരുന്നത്.



# ട്വന്റി 20 ലോകകപ്പ്; ഫൈനൽ സ്റ്റേജിൽ ഗാനമാലപിക്കാൻ മലയാളി ഗായിക ജാനകി

ട്വന്റി 20 ലോകകപ്പ് ഫൈനൽ വേദിയിൽ ഗാനമാലപിക്കാൻ മലയാളി ഗായിക ജാനകി ഈശ്വർ.നവംബർ 13 ഞായറാഴ്ച മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ടിലാണ് ടി20 ലോകകപ്പ് ഫൈനൽ. മത്സരത്തിനു മുമ്ബ് ഓസ്ട്രേലിയയിലെ പ്രശസ്ത റോക്ക് ബാൻഡായ ഐസ്ഹൗസ് വേദിയിൽ പരിപാടി അവതരിപ്പിക്കുന്നുണ്ട് ഇവർക്കൊപ്പമാണ് 13-കാരിയായ ജാനകി ഗാനമാലപിക്കുന്നത്.ഓസ്ട്രേലിയയിലെ ലോകപ്രശസ്ത റിയാലിറ്റി ഷോയിലൂടെ ആഗോള ശ്രദ്ധ നേടിയ മലയാളി ഗായികയാണ് ജാനകി ഈശ്വർ. ദി വോയ്സ് ഷോയുടെ പത്താം സീസണിലായിരുന്നു ജാനകി മത്സരിക്കാനെത്തിയത്. ഈ മത്സരത്തിൽ പങ്കെടുക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ മത്സരാർത്ഥിയും ആദ്യ ഇന്ത്യൻ വംശജയുമായിരുന്നു ജാനകി.ഓസ്ട്രേലിയയിൽ താമസമാക്കിയ കോഴിക്കോട് കക്കോടി സ്വദേശികളായ അനൂപിന്റേയും ദിവ്യയുടേയും മകളാണ്.

EDITORS CHOICE





# 'അജ്ഗർ ദാദ';അനക്കോണ്ടയേക്കാൾ നീളമുള്ള പെരുമ്പാമ്പിനെ ആരാധിക്കുന്ന അത്ഭുത ക്ഷേത്രം

വൈവിധ്യമാർന്ന പാരമ്പര്യങ്ങളുടെയും ആചാരങ്ങളുടെയും നാടാണ് ഇന്ത്യ. ഇത്തരത്തിൽ അനക്കോണ്ടയേക്കാൾ നീളമുള്ള പെരുമ്പാമ്പിനെ ആരാധിക്കുന്ന ക്ഷേത്രമുള്ള നാടാണ് മദ്ധ്യപ്രദേശ്.പതിറ്റാണ്ടുകളായി ഗുഹയ്ക്കുള്ളിൽ വസിക്കുന്ന ഈ ഉരഗത്തെ സാഗറിലെ നാട്ടുകാർ ഭയഭക്തിയോടെയാണ് കാണുന്നത് . 'അജ്ഗർ ദാദ' എന്ന പേരിലാണിത് അറിയപ്പെടുന്നത്.രണ്ട് ദിവസം മുൻപും ക്ഷേത്ര സമുച്ചയത്തിലെ ഗുഹയിൽ പാമ്പുകളെ കണ്ടതായി സാഗർ പ്രദേശവാസികൾ പറഞ്ഞു. പ്രദേശവാസികൾ പറയുന്നതനുസരിച്ച്, ഇതിന് 40 അടിയിലധികം നീളമുണ്ട്, സമീപത്തുള്ള ആരെയും ഉപദ്രവിച്ചിട്ടില്ലെന്നും അവർ പറയുന്നു. ഹർസിദ്ധി മാതാവിനെ ആരാധിക്കുന്നതിനായി ബാഗ്രാജ് ക്ഷേത്രം സന്ദർശിക്കുന്ന ഭക്തർ , അജ്ഗർ ദാദയെയും പ്രാർത്ഥിക്കാറുണ്ട്.എന്നാൽ പെരുമ്പാമ്പിനെ ഇതുവരെ ആരും പൂർണമായി കണ്ടിട്ടില്ലെന്ന് പ്രായമായവർ പറയുന്നു. .'അജ്ഗർ ദാദ' ആക്രമണകാരിയല്ലെന്ന് ക്ഷേത്രത്തിലെ പൂജാരി പുഷ്പേന്ദ്ര മഹാരാജ് പറയുന്നു. 'അവൻ ക്ഷേത്രത്തിന്റെ സംരക്ഷകനാണ്, വർഷങ്ങളായി ഞങ്ങൾ അവനെ ആരാധിക്കുന്നു.ക്ഷേത്ര സമുച്ചയത്തിന് ചുറ്റും 10 അടി നീളമുള്ള മൂർഖൻ പാമ്ബുകളെ കാണാറുണ്ടെന്നും പുരോഹിതൻ പറഞ്ഞു.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com